# കാളിയാങ്കൽ വലിയവീട്ടിൽ
# കുടുംബയോഗം

## പുത്തൻകാവ്, ചെങ്ങന്നൂർ

www.valiyaveettilputhencavu.org



**2024 മെയ് 1 ബുധൻ**

**46-ാം വാർഷിക സമ്മേളന അറിയിപ്പും**
**പ്രവർത്തന റിപ്പോർട്ടും**
**2023 - 24ലെ വരവ് ചെലവ് കണക്കും**
**2024- 25ലെ ബഡ്ജറ്റും**

# Managing Committee Members 2022 - 2024



# കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം
# പുത്തൻകാവ്
# 46-ാം വാർഷിക സമ്മേളന നോട്ടീസ്

പ്രിയ കുടുംബാംഗങ്ങളെ,

നമ്മുടെ കുടുംബയോഗം പുനരുദ്ധരിക്കപ്പെട്ടതിനുശേഷം നടത്തുന്ന 46-ാം വാർഷിക സമ്മേളനം 2024 മെയ് മാസം 1-ാം തീയതി ബുധനാഴ്ച **രാവിലെ 7:00ന്** ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ വിശുദ്ധ കുർബ്ബാനാനന്തരം **എഴിക്കകത്ത്** ശാഖായുടെ ആഭിമുഖ്യത്തിൽ ആറാട്ടുപുഴ **തരംഗം മിഷൻ ആക്ഷൻ സെന്ററിൽ** വച്ച് മുഖ്യരക്ഷാധികാരിയും പ്രസിഡന്റുമായ **വെരി. റവ. മാത്യു തോമസ് കോർ എപ്പിസ്കോപ്പാ**യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്നതാണ്. സമ്മേളനം **റവ. ഫാ. ഡോ. ബിജു ഫിലിപ്പ് പയ്യമ്പള്ളിൽ** ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. മുഖ്യ പ്രഭാഷണം **റവ. ഫാദർ ജോസഫ് പുത്തൻപുരയ്ക്കൽ കപ്പൂച്ചിൻ** നടത്തുന്നതാണ്.

തമ്മിൽ തമ്മിൽ കാണുവാനും സന്തോഷം പങ്കിടുവാനുമുള്ള സുവർണ്ണാവസരമായ ഈ ഒത്തുകൂടുൽ സംരംഭത്തിൽ എല്ലാ കുടുംബാംഗങ്ങളും വന്ന് ചേരാൻ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

എന്ന്

**സക്കറിയ ജോൺ**
*സെക്രട്ടറി*

പുത്തൻകാവ്
10.04.2024

## പ്രത്യേക ശ്രദ്ധയ്ക്ക്

01.05.2024 ബുധനാഴ്ച രാവിലെ 7:00 മണിക്ക് ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ വി. കുർബ്ബാനയ്ക്കുശേഷം തരംഗം സെന്ററിൽ പ്രഭാത ഭക്ഷണവും ലേഡീസ് വിംഗ് സംഘടിപ്പിക്കുന്ന കായിക മത്സരവും തുടർന്ന് 10:00ന് പൊതുസമ്മേളനവും ആരംഭിക്കുന്നതാണ്.

# പ്രോഗ്രാം

## 01.05.2024 ബുധൻ

| | | |
|---|---|---|
| 7:00 a.m. | : | വി. കുർബ്ബാന ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ |
| 9:00 a.m. | : | രജിസ്ട്രേഷൻ |
| 10:00 a.m. | : | **പൊതുസമ്മേളനം** |
| അദ്ധ്യക്ഷൻ | : | **വെരി. റവ. ഫാദർ മാത്യൂ തോമസ് കോർ എപ്പിസ്ക്കോപ്പാ** |
| പ്രാർത്ഥനാ ഗാനം | : | ലേഡീസ് വിംഗ് അംഗങ്ങൾ |
| ബൈബിൾ വായന | : | **ശ്രീമതി വത്സലാ ജോസഫ്** |
| പ്രാർത്ഥന | : | |
| അനുശോചനം | : | 2023 വാർഷിക സമ്മേളനത്തിനുശേഷം നിര്യാതരായ കുടുംബാംഗങ്ങളെ അനുസ്മരിക്കുന്നു. |
| അദ്ധ്യക്ഷ പ്രസംഗം | : | **വെരി. റവ. ഫാദർ മാത്യു തോമസ് കോർ എപ്പിസ്കോപ്പാ** |
| ഉദ്ഘാടനം | : | **റവ. ഫാ. ഡോ. ബിജു ഫിലിപ്പ് പയ്യമ്പള്ളിൽ** *(CEO പുഷ്പഗിരി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ്)* |
| മുൻ വാർഷിക റിപ്പോർട്ട് | : | **ശ്രീ. സക്കറിയ ജോൺ** *(കുടുംബയോഗ സെക്രട്ടറി)* |
| മുഖ്യപ്രഭാഷകനെ പരിചയപ്പെടുത്തൽ | : | **കേണൽ എ. ജെ. ജോർജ്ജ്** |
| മുഖ്യപ്രഭാഷണം | : | **റവ. ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ കപ്പുച്ചിൻ** |
| ആശംസാപ്രസംഗം | : | **റവ. ഫാ. ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ** OIC |

| | | |
|---|---|---|
| | : | **റവ. ഫാ. സാമുവേൽ റ്റി. ജോർജ്ജ്** |
| | : | **റവ. ഫാ. തോമസ് ജോസഫ്** |
| | : | **റവ. ഫാ. പി. കെ. കോശി** |
| | : | **ശ്രീ. ഈപ്പൻ ചെറിയാൻ** |
| | : | **ശ്രീ. ജോയി തോമസ് പ്ലാത്തോട്ടം** |
| **സ്വയം പരിചയപ്പെടുത്തൽ** | : | |
| പൊന്നാട അണിയിക്കൽ | : | 75 വയസ് തികഞ്ഞ കുടുംബാംഗങ്ങൾക്ക് (മുൻപ് ലഭിക്കാത്തവർക്ക്) |
| പാരിതോഷിക വിതരണം | : | അർഹരായ വിദ്യാർത്ഥികൾക്ക് ഉന്നത മാർക്കിന്റെ അടിസ്ഥാനത്തിൽ |
| 2023-24 ലെ കണക്ക്<br>2024-25ലെ ബഡ്ജറ്റ് | : | **ശ്രീ. ജോൺ ഈപ്പൻ** *(കുടുംബയോഗം ട്രഷറർ)* |
| ഓഡിറ്റ് റിപ്പോർട്ട് | : | **ശ്രീ. അഭിലാഷ് ചെറിയാൻ** |
| 2024-25 ലേയ്ക്കുള്ള<br>ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് | : | |
| കാര്യാലോചന | : | വാർഷിക സമ്മേളനം 2025 |
| സമ്മാനദാനം | : | കലാപരിപാടികൾ അവതരിപ്പിച്ചവർക്ക് |
| കൃതജ്ഞത | : | **ശ്രീ. ചെറിയാൻ പി. ഉമ്മൻ** |

**പ്രാർത്ഥന, ആശിർവ്വാദത്തോടെ യോഗം അവസാനിക്കുന്നതും ഉച്ചഭക്ഷണത്തിനുവേണ്ടി പിരിയുന്നതുമാണ്. സമ്മേളനത്തിൽ കലാപരിപാടികൾ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നവർ മുൻകൂട്ടി സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.**

# പ്രസിഡന്റിന്റെ കത്ത്



കർത്താവിൽ പ്രിയകുടുംബാംഗങ്ങളെ,

"Every one needs a house to live in but a supportive family is what builds a home"- Anthony Liccione

Anthony Liccione എന്ന അമേരിക്കൻ കവിയുടെ ഉദ്ധരണിയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. എല്ലാവർക്കും അധിവസിക്കുന്ന തിനുള്ള ഒരു ഭവനം ആവശ്യമാണ്. എന്നാൽ കരുതുകയും സംരക്ഷി ക്കുകയും ചെയ്യുന്ന ഒരു കുടുംബം ആണ്, ഒരു ഭവനത്തിന് നിധാനം.

പുത്തൻകാവ് കാളിയാങ്കൽ കുടുംബയോഗത്തിന്റെ 46-ാമത് വാർഷികം ആഘോഷിക്കുന്ന അവസരമാണല്ലോ? കഴിഞ്ഞകാലങ്ങ ളിൽ അനുഗ്രഹമായി നമ്മെ കാത്തുപരിപാലിച്ചു വഴി നടത്തിയ ദൈവത്തെ നന്ദി നിറഞ്ഞ ഹൃദയത്തോടെ മഹത്വപ്പെടുത്തുന്നു. Family is the fundamental institution of society ordained by God. കുടുംബം ദൈവത്താൽ സ്ഥാപിക്കപ്പെട്ടതാണ്. ഉല്പത്തി പുസ്തകത്തിൽ ആദിമനുഷ്യനായ ആദമിന്റെയും ഹവ്വയുടേയും കുടുംബത്തെകുറിച്ച് നാം വായിക്കുന്നു. മണ്ണുകൊണ്ട് ദൈവം മനുഷ്യനെ മെനഞ്ഞുണ്ടാക്കി അവന്റെ മൂക്കിൽ ദൈവത്തിന്റെ ജീവശ്വാസം ഊതി. അവൻ ജീവനുള്ള ദേഹിയായി തീർന്നു. ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. അവൻ ഏകനായിരിക്കുന്നു എന്ന് മനസിലാക്കിയ ദൈവം അവന് ഹവ്വ എന്ന് സ്ത്രീയെ സൃഷ്ടിച്ച് തക്കതായ ഇണയായിട്ട് നൽകി. സ്വർഗ്ഗം കഴിഞ്ഞാൽ ഏറ്റവും സന്തോഷവും ആനന്ദവും നിറഞ്ഞ ഒരു സ്ഥലം ഭൂമിയിൽ ഉണ്ടെങ്കിൽ അത് ഒരു ഭവനം ആണ്. ഈ കാലഘട്ടത്തിൽ ഭവനത്തെ വിശേഷപ്പിക്കുന്നത് ഒരു 'Domestic Church' അഥവാ ഗാർഹികസഭ എന്ന നിലയിലാണ്. മാതാവും പിതാ വും മക്കളും അടങ്ങുന്ന സമൂഹത്തിന്റെ ഏറ്റവും ചെറിയ യൂണിറ്റ് ആണ് ഒരു കുടുംബം. യേശുക്രിസ്തു ഭൂമിയിൽ നിർവ്വഹിച്ച രക്ഷണ്യ പ്രവർത്തനങ്ങളുടെ തുടർച്ച പ്രവർത്തനങ്ങളാണ് സഭ ലോകത്തിൽ നിർവ്വഹിക്കുന്നത്. അതേപോലെയുള്ള പ്രവർത്തനങ്ങളാണ് ഒരു കുടുംബത്തിൽ നിന്ന് ഉണ്ടാകേണ്ടത്. പണ്ടു കാലങ്ങളിൽ നിന്ന്

വ്യത്യസ്തമായി ഇന്നു ഭവനങ്ങൾ 'അണുകുടുംബങ്ങളാണ്' മാതാവ്, പിതാവ്, ഒന്നോ രണ്ടോ മക്കൾ മാത്രം ഉൾപ്പെടുന്ന ഒരു ഭവനം. അവിടെ മുതിർന്ന തലമുറക്കാരുടെ അഭാവം ഉണ്ട്. അതേപോലെ അംഗങ്ങളുടെ എണ്ണം വളരെ പരിമിതം ആണ്. ഇന്നത്തെ സാമൂഹ്യ സാമ്പത്തിക സ്ഥിതിയിൽ ഇതാണ് കരണീയം എന്ന ചിന്തയാണ് ഉള്ളത്. പക്ഷേ ഇതു വളരെ അപകടകരമായ ഒരു അവസ്ഥയാണ്. തന്മൂലം ഭവനത്തിൽ ഒരു പ്രശ്നം ഉണ്ടായാൽ അതു പരിഹരിക്കുവാൻ തക്കവണ്ണം പരിചയസമ്പത്തും കഴിവുമുള്ള മുതിർന്നവർ ഇല്ല. കൊച്ചു മക്കൾക്ക് മാതൃകയാക്കുവാനും നല്ല മൂല്യങ്ങൾ പരിശീലിപ്പിക്കാനും സാധിക്കുന്നില്ല. സമൂഹത്തിൽ തലമുറകളുടെ എണ്ണം കുറയുന്നു. ഇന്നത്തെ അണു കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പലതാണ്. കഴിഞ്ഞ കാലഘട്ടത്തെ അപേക്ഷിച്ച് വിവാഹ ബന്ധങ്ങൾ തന്നെ തകർന്നു കൊണ്ടിരിക്കുന്നു. ആരും ആർക്കും വിധേയപ്പെടേണ്ടതില്ലന്ന തത്വം സുസ്ഥിരമായിരിക്കുന്നു. മുതിർന്ന പൗരന്മാർ വാർദ്ധക്യത്തിൽ അഭയത്തിനും കരുതലിനുമായി മറ്റു ഏജൻസികളെ ശരണം പ്രാപിക്കുന്നു. നാട്ടിൽ വൃദ്ധ സദനങ്ങൾ കൂടിവരുന്നു. രോഗങ്ങൾ കൊണ്ടു വലയുന്ന വൃദ്ധരും അവരെ ചൂഷണം ചെയ്യുന്ന ആതുരാലയങ്ങളും. സ്വന്തം നാടും വീടും പ്രിയപ്പെട്ട മാതാപിതാക്കളേയും ഉപേക്ഷിച്ചു വിദേശ രാജ്യങ്ങളെ അഭയം പ്രാപിക്കുന്ന യുവജനങ്ങൾ ഏറി വരുന്നു. ആൾ താമസ്സം ഇല്ലാത്ത ഭവനങ്ങളുടെ എണ്ണം കൂടി വരുന്നു. ഏകാന്തത അനുഭവിക്കുന്ന ആളുകൾ ഏറെയാണ്. കുടുംബയോഗങ്ങളുടെ പ്രസക്തി ഇവിടെയാണ് "Blood is thicker than water" എന്നാണ് പറയുന്നത്. സന്തോഷം പങ്കിടുമ്പോൾ അതു ഇരട്ടി സന്തോഷത്തിനു കാരണമാകുന്നു. അതുപോലെ ദുഃഖം പങ്കിടുമ്പോൾ അതു പകുതിയായി കുറയുന്നു. സഹോദര പിതാക്കന്മാരുടെ മക്കൾ എന്ന നിലയിൽ നമ്മുടെ കൂടിവരവ് വളരെ സന്തോഷകരമാണ്. ഈ കാലഘട്ടത്തിലെ പ്രശ്നപരിഹാരത്തിനുള്ള മാർഗ്ഗങ്ങൾ കൂട്ടായി ചിന്തിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും ലഭിക്കുന്ന അവസരമാണ്.

ഈ പ്രാവശ്യത്തെ കൂടിവരവ് ഏറ്റവും അനുഗ്രഹമായിത്തീരുവാൻ ദൈവം ഇടയാക്കട്ടെ. എല്ലാ ആശംസകളും നേർന്ന് കൊണ്ട്

**വെരി. റവ. മാത്യു തോമസ് കോർ എപ്പിസ്ക്കോപ്പാ**

*പ്രസിഡന്റ്*

# കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം
# 45–ാംമത് വാർഷികയോഗം റിപ്പോർട്ട് (2022 – 23)


സഖറിയ ജോൺ

കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗത്തിന്റെ 45–ാമത് വാർഷിക സമ്മേളനം 2023 മെയ് മാസം 1–ാം തീയതി മലയിൽ ശാഖയുടെ ആതിഥേയത്തിൽ ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ രാവിലെ 7:30ന് കുടുംബയോഗ രക്ഷാധികാരി റവ. ഫാ. സാമുവൽ റ്റി. ജോർജ്ജ് അച്ചന്റെ മുഖ്യകാർമ്മികത്തിലും വെരി. റവ. മാത്യു തോമസ് കോർ എപ്പിസ്ക്കോപ്പായുടെ സഹകാർമ്മികത്വത്തിലും വികാരി റവ. ഫാ. രാജൻ വർഗ്ഗീസ് അച്ചന്റെ സാന്നിദ്ധ്യത്തിലും വിശുദ്ധ കുർബ്ബാനയോടുകൂടി ആരംഭിച്ചു.

ധൂപ പ്രാർത്ഥനയ്ക്ക് ശേഷം സമീപത്തുള്ള മാർത്തോമ്മാ സഭയുടെ തരംഗം മിഷൻ ആക്ഷൻ സെന്ററിൽ പ്രഭാതഭക്ഷണത്തിന് ശേഷം 9:30 a.m ന് രജിസ്ട്രേഷൻ തുടർന്ന് 10:30 ന് പൊതുസമ്മേളനവും ആരംഭിച്ചു.

പ്രസിഡന്റ് വെ. റവ. മാത്യു തോമസ് കോർ എപ്പിസ്ക്കോപ്പാ അദ്ധ്യക്ഷത വഹിച്ചു. കാളിയാങ്കൽ ഗ്ലോബൽ കുടുംബയോഗ രക്ഷാധികാരി ബഹു. റിട്ട ജസ്റ്റീസ് ബഞ്ചമിൻ കോശി, സിനി ആർട്ടിസ്റ്റ് ശ്രീ. ലാലു അലക്സ്, റവ. ഫാ. പി. കെ. കോശി, റവ. ഫാ. സാമുവൽ റ്റി. ജോർജ്ജ്, ശ്രീ. കെ. സി. ചാക്കോ, കാളിയാങ്കൽ ഗ്ലോബൽ കുടുംബയോഗ ജനറൽ സെക്രട്ടറി ശ്രീ. ജോയി തോമസ് പ്ലാത്തോട്ടം എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.

മലയിൽ ശാഖാംഗങ്ങൾ പാടിയ പ്രാർത്ഥനാഗാനത്തെ തുടർന്ന് ശ്രീമതി ലീലാമ്മ നൈനാൻ 128–ാം സങ്കീർത്തനം വായിച്ചു. മുഖ്യ രക്ഷാധികാരി വെരി. റവ. മാത്യു തോമസ് കോർ എപ്പിസ്ക്കോപ്പാ പ്രാർത്ഥന നടത്തി.

**അനുശോചനം**

സെക്രട്ടറി ശ്രീ. സഖറിയാ ജോൺ 2022 മെയ് മാസം മുതൽ 2023 ഏപ്രിൽ മാസം വരെ വാങ്ങിപ്പോയ 15 കുടുംബാംഗങ്ങളുടെ പേര്

വിവരങ്ങൾ വായിച്ചു. യോഗാംഗങ്ങൾ എഴുന്നേറ്റ് നിന്ന് പ്രാർത്ഥന നടത്തി അനുശോചനം രേഖപ്പെടുത്തി.

**സ്വാഗതം**

ലേഡീസ് വിംഗ് പ്രസിഡന്റ് ശ്രീമതി വത്സലാ ജോസഫ് വേദിയിലും സദസ്സിലും ഉള്ള എല്ലാവർക്കും ഹൃദ്യമായ സ്വാഗതം ആശംസിച്ചു.

**ഉദ്ഘാടനം**

വേദിയിലിരുന്ന എല്ലാവരേയും സ്വാഗതം ചെയ്തശേഷം ഈ വർഷത്തെ സമ്മേളനത്തിന് ആതിഥേയത്വം നൽകുന്ന മലയിൽ ശാഖയോടുള്ള നന്ദി പ്രകാശിപ്പിച്ച് കർത്തവ്യത്തിലേക്ക് കടന്ന ബഹു. റിട്ട. ജസ്റ്റിസ് ബഞ്ചമിൻ കോശി, ചെറുപ്പക്കാരും കുഞ്ഞുങ്ങളും ഈ മീറ്റിംഗിൽ പങ്കെടുക്കുന്നതിൽ പ്രത്യേക സന്തോഷം അറിയിച്ചു. അടുത്ത വർഷവും ഇതുപോലെ സകുടുംബം എല്ലാവരും വന്ന് സംബന്ധിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിച്ചു. പ്രയാസങ്ങളും ദുഃഖങ്ങളും വിഷമങ്ങളും ഉണ്ടാകാത്ത മനുഷ്യർ ലോകത്തിൽ ഇല്ല. നമുക്കുള്ള വലിയ ആശ്വാസവും പ്രത്യാശയും ദൈവം നമ്മെ കരുതികൊള്ളും എന്നതാണ്. തെറ്റ് ചെയ്യുന്നവൻ പശ്ചാത്തപിച്ച് താഴ്മയോടും വിശ്വാസത്തോടും കൂടി പ്രാർത്ഥിക്കുകയാണെങ്കിൽ നടക്കാത്തത് ഒന്നുമില്ല. യാചിപ്പിൻ നിങ്ങൾക്ക് കിട്ടും, അന്വേഷിപ്പിൻ കണ്ടെത്തും എന്ന് വാഗ്ദത്തം നൽകിയ ദൈവം വിടുതൽ നൽകിത്തരും. യേശു എന്ന രക്ഷകനിൽ നമ്മുടെ വിശ്വാസവും പ്രത്യാശയും അർപ്പിച്ച് ജീവിതത്തിന്റെ അർത്ഥം കണ്ടെത്തുവാൻ ഓർമ്മിപ്പിച്ച് കൊണ്ട് നിലവിളക്ക് തെളിച്ച് കുടുംബയോഗത്തിന്റെ 45-ാം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

**വാർഷിക റിപ്പോർട്ട്**

വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിച്ച് അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളതിനാൽ വീണ്ടും ആവർത്തനം വേണ്ട എന്ന സമ്മേളനതീരുമാനപ്രകാരം വാർഷിക റിപ്പോർട്ട് 2022-23 ലെ ഏക കണ്ഠേന പാസ്സായതായി പ്രസിഡന്റ് അറിയിച്ചു.

**മുഖ്യാതിഥിയെ പരിചയപ്പെടുത്തൽ**

മുൻ പ്രസിഡന്റ് ശ്രീ. ഈപ്പൻ ചെറിയാൻ മുഖ്യാതിഥി സിനിമ നടൻ ശ്രീ. ലാലു അലക്സിനെ വിശദമായി പരിചയപ്പെടുത്തി. 45

വർഷമായി സിനിമാ രംഗത്ത് പ്രവർത്തിക്കുന്ന അദ്ദേഹത്തെ കുറിച്ചും, കുടുംബത്തെക്കുറിച്ചും വിശദമായി പ്രസ്താവിച്ചു.

**മുഖ്യപ്രഭാഷണം**

കഴിഞ്ഞ 45 വർഷമായി ഈ കുടുംബയോഗം ഇതുപോലെ തുടർന്ന് കൊണ്ടുപോകണമെങ്കിൽ അതിന്റെ പിന്നിൽ പ്രവർത്തിച്ച കഴിഞ്ഞ തലമുറയേയും അവരുടെ കഠിനമായ പ്രവർത്തനങ്ങളെയും ഭക്തിയേയും നാം സ്മരിക്കേണ്ടതാണെന്നും അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നുവെന്നും പറയുകയുണ്ടായി. പൂർവ്വീകരുടെ നന്മ, നീതിയോടുകൂടിയുള്ള ജീവിതം, അവർ മറ്റുള്ളവർക്ക് പകർന്ന് കൊടുത്ത സ്നേഹം, സഹായം ഇതെല്ലാം കൂടി കണക്കിലെടുത്താണ് തലമുറകൾ വാഴ്ത്തപ്പെടുന്നതെന്നും ഓർമ്മിപ്പിച്ചു. ദൈവം അബ്രഹാമിനും യിസ്ഹാക്കിനും യാക്കോബിനും നൽകിയ വാഗ്ദത്തം മൂലം നാമും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നവെന്നും, ആ ദൈവത്തിൽ കൂടുതൽ ആശ്രയിക്കുവാൻ എല്ലാവരേയും ഓർമ്മിപ്പിച്ച് കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗത്തിന് എല്ലാ ഭാവുകങ്ങളും ആശംസിച്ചു.

**ആശംസാ പ്രസംഗം**

രക്ഷാധികാരി റവ. ഫാ. പി. കെ. കോശി അച്ചന്റെ പ്രസംഗത്തിൽ നമ്മുടെ മാനേജിംഗ് കമ്മറ്റിയോഗങ്ങൾ, ഓണാഘോഷം, ക്രിസ്തുമസ്സ് ആഘോഷം, വാർഷീക സമ്മേളനം ഇവയൊക്കെ നടത്തുവാൻ നേതൃത്വം നല്കുന്ന ഭാവാഹികളെയും കമ്മറ്റി മെമ്പേഴ്സിനെയും ലേഡീസ് വിംഗിനെയും അനുമോദിച്ചു. വിശ്വവിഖ്യാതനായ രവീന്ദ്രനാഥ ടാഗോർ ഒരിക്കൽ പറയുകയുണ്ടായി, മനുഷ്യനാകുന്ന കല്ലുകളെ സ്നേഹം കൊണ്ട് ചേർത്തു പണിയുന്ന ആലയങ്ങൾ നിലനിൽക്കും. ഭവനം അഥവാ കുടുംബം എന്ന് പറയുന്നത് ഒരു ആലയമാണ്. നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്ന് പരിശുദ്ധ പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. ദേവാലയത്തെക്കുറിച്ച് മാത്രമല്ല, നാമോരുത്തരും ദൈവത്തിന്റെ മക്കളായി മാറ്റപ്പെടുമ്പോൾ, നാമും ദൈവത്തിന്റെ ആലയങ്ങളായി മാറുന്നു. സ്നേഹമാകുന്ന കല്ലുകൾ ചേർത്ത് പണിയുകയാണെങ്കിൽ ആ കുടുംബം നിലനിൽക്കും. അത് ശാശ്വതമായിത്തീരും. ആ അനുഭവത്തിൽ നമ്മുടെ കാളിയാങ്കൽ കുടുംബയോഗം നിലനിൽക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്തു. യുവജനങ്ങൾ സമൂഹത്തിന്റെ പ്രത്യാശയാണെന്നും കുടുംബത്തിലും സഭയിലും

സമൂഹത്തിലും യുവജനങ്ങൾ കൂടുതൽ പ്രവർത്തിക്കണമെന്നും നമ്മുടെ യൂത്ത് വിംഗ് ഈ കാര്യത്തിൽ വളരെ പിന്നോക്കമാണെന്നും പറയുകയുണ്ടായി. ലേഡീസ് വിംഗിനും ഭാരവാഹികൾക്കും കമ്മറ്റി മെമ്പേഴ്സിനും ആശംസകൾ കൈമാറി.

**ആശംസാപ്രസംഗം**

കാളിയാങ്കൽ ഗ്ലോബൽ കുടുംബയോഗത്തിന്റെ ജനറൽ സെക്രട്ടറി ശ്രീ. ജോയി തോമസ് പ്ലാത്തോട്ടം എല്ലാ പ്രവർത്തനങ്ങൾക്കും ആശംസയും ഭാവുകങ്ങളും നേർന്നു.

**സ്വയം പരിചയപ്പെടുത്തൽ**

ഐക്കര ശ്രീ. ജേക്കബ് കോശി (മോനി) ആദ്യമായിട്ടാണ് കുടുംബ യോഗത്തിൽ പങ്കെടുക്കുന്നതെന്നും ആയതിൽ വളരെ സന്തോഷ മുണ്ടെന്നും അറിയിച്ചു.

പുത്തൻപുരയ്ക്കൽ ശാഖയിലെ ഏഴംകുളം പുത്തൻകാവ് വീട്ടിൽ ഡോ. അജു തോമസ് സദസ്സിനെ സ്വയം പരിചയപ്പെടുത്തി.

**പൊന്നാട അണിയിക്കൽ**

75 വയസ്സ് പൂർത്തിയായ 11 കുടുംബാംഗങ്ങൾക്ക് മുഖ്യാതിഥി ശ്രീ. ലാലു അലക്സ് പൊന്നാട നൽകി ആദരിച്ചു.

**സ്കോളർഷിപ്പ് വിതരണം**

Miss. Esther Sara Joshu (C. B. S. E. 10th std), Mr. Kevin Varghese Stephen Mr. Steve Itty Jacob (CBSE 12th std.) എന്നിവർക്ക് പ്രോത്സാഹനമായി വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകയുണ്ടായി.

**കണക്ക് /ബഡ്ജറ്റ് അവതരണം**

2022 – 23 ലെ വരവ് ചിലവ് കണക്ക് പൂർണ്ണ രൂപത്തിൽ വാർഷിക റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട് എന്ന് ട്രഷറർ ശ്രീ. ജോൺ ഈപ്പൻ അറിയിച്ചു. വരവു ചിലവു കണക്കും 2023–24 ലെ ബഡ്ജറ്റും പൊതു യോഗം ഏകകണ്ഠേന പാസ്സാക്കി.

**ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്**

നിലവിലെ സെക്രട്ടറി ശ്രീ. ഈപ്പൻ ജോർജ് ചില സ്വകാര്യ വിഷയങ്ങളാൽ സെക്രട്ടറി സ്ഥാനം ഒഴിയണമെന്ന് ആവശ്യപ്പെട്ടതിനെ

തുടർന്ന് ജോയിന്റ് സെക്രട്ടറി ശ്രീ. സഖറിയാ ജോണിനെ സെക്രട്ടറിയായും കമ്മറ്റി മെമ്പറായിരുന്ന ശ്രീ. ജേക്കബ് ജി. കൊച്ചിട്ടിയെ ജോയിന്റ് സെക്രട്ടറിയായും 2023–24 കാലയളവിലേക്ക് കമ്മറ്റി തെരഞ്ഞെടുത്തു.

ഇപ്പോഴുള്ള Executive committee members സ്ഥിരമായി മീറ്റിംഗ് കളിൽ പങ്കെടുക്കാത്തതിനാൽ ഭാവിയിൽ ഭാരവാഹികളും Ex. Officio മെമ്പേഴ്സും കൂടാതെ ഓരോ ശാഖയിൽ നിന്നും 3 പേർ വീതം ഉൾപ്പെട്ട കമ്മറ്റി, മൊത്തത്തിൽ ഏകദേശം 30 പേർ അടങ്ങുന്ന ഒരു കമ്മറ്റി മതിയെന്നും 20.04.2023 ലെ കമ്മറ്റി മീറ്റിംഗിൽ തീരുമാനം എടുത്തിട്ടു ണ്ടെന്നും അത് അടുത്തവർഷം മുതൽ പ്രാവർത്തികം ആക്കണമെന്നും പൊതുയോഗം തീരുമാനിച്ചു.

| | | |
|---|---|---|
| President | - | Very Rev. Mathew Thomas Cor Episcopa |
| Vice President | - | Mrs Sarala Stephen |
| Secretary | - | Mr. Zachariah John |
| Joint Secretary | - | Mr. Jacob G. Kochitty |
| Treasurer | - | Mr. John Eapen |

**കൾച്ചറൽ പ്രോഗ്രാം**

ശ്രീ. പ്രസാദ് മാമ്മൻ, ശ്രീ. ബേബി രാജൻ, Mr. Linto, Jerin Ninan & party, Ivan Punnoose Stephen എന്നിവരുടെ ഗാനാലാപവും Ashly Susan Varghese, Alen Jerin and Party യുടെ ഡാൻസും സമ്മേളനത്തിന്റെ മനോഹാരിത കൂട്ടി.

**അനുമോദനം**

മലങ്കരസഭ, ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറിയായി തിരഞ്ഞെടുക്ക പ്പെട്ട നമ്മുടെ രക്ഷാധികാരി റവ. ഫാ. പി. കെ. കോശിയെ സ്ഥാനലബ്ദിയിൽ അനുമോദിച്ച് പ്രസിഡന്റ് പൊന്നാട അണിയിച്ച് ആദരിച്ചു.

സിനി ആർട്ടിസ്റ്റ് ശ്രീ. ലാലു അലക്സിനെ പ്രസിഡന്റും കാളിയാങ്കൽ ഗ്ലോബൽ കുടുംബയോഗ രക്ഷാധികാരി ബഹു. റിട്ട. ജസ്റ്റിസ് ബഞ്ചമിൻ കോശിയും ചേർന്ന് മൊമെന്റോ നൽകി ആദരിച്ചു.

**സമ്മാനദാനം**

വിവിധ കലാപരിപാടികൾ അവതരിപ്പിച്ച നമ്മുടെ കുഞ്ഞുങ്ങൾക്കും ലേഡീസ് വിംഗിലെ സ്പോർട്സ് വിജയികൾക്കും പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയുണ്ടായി.

**കാര്യാലോചന**

2024 ലെ വാർഷിക സമ്മേളനം എഴിക്കകത്ത് ശാഖയുടെ ആഭിമുഖ്യത്തിൽ നടത്താമെന്ന് ശാഖയെ പ്രതിനിധീകരിച്ച് ശ്രീ. ജോർജ്ജ് ജോസഫ് (അനിയൻ) അറിയിച്ചു.

**കൃതജ്ഞത**

ശ്രീ. ഈപ്പൻ കെ. നൈനാൻ വേദിയിൽ ഉപവിഷ്ടരായിരുന്ന വൈദീക ശ്രേഷ്ഠർക്കും, വിശിഷ്ടാതിഥികൾക്കും, എല്ലാ ഭാരവാഹികൾക്കും, ലേഡീസ് വിംഗിനും, വാർഷിക സമ്മേളനം ഏറ്റെടുത്ത് നടത്തിയ മലയിൽ ശാഖയ്ക്കും, കലാപരിപാടികൾ അവതരിപ്പിച്ചവർക്കും, സദസ്സിനും, വേദി, സൗണ്ട്, ഭക്ഷണം എന്നിവ ഒരുക്കി തന്ന തരംഗം ഭാരവാഹികൾക്കും നന്ദി പ്രകാശിപ്പിച്ചു.

**പ്രാർത്ഥന/ആശീർവാദം**

രക്ഷാധികാരി റവ. ഫാ. സാമുവൽ റ്റി. ജോർജ് അച്ചൻ പ്രാർത്ഥന നടത്തി. മുഖ്യ രക്ഷാധികാരി വെ. റവ. മാത്യു തോമസ് കോർ എപ്പിസ്കോപ്പാ ആശീർവാദം നടത്തി. യോഗം 12:50 pm ന് പര്യവസാനിച്ച് ഉച്ചഭക്ഷണത്തിനായി പിരിഞ്ഞു.

**ഉപസംഹാരം**

ഈ സമ്മേളനം ഭംഗിയായി ക്രമീകരിക്കുവാൻ ദൈവം തന്ന എല്ലാ കൃപകൾക്കായും നന്ദികരേറ്റുന്നു. സഹകരിച്ച എല്ലാ ഭാരവാഹികളുടെയും ലേഡീസ് വിംഗിന്റെയും കുടുംബാംഗങ്ങളുടെയും സഹകരണത്തിന് നന്ദി.

പരിപാടികൾ ക്രമീകരിച്ച് Master of Ceremony ചെയ്ത Mrs. Sarala Stephen, Mrs. Annie Mammen and Mr. Eapen Cherian എന്നിവരോടുമുള്ള നന്ദി രേഖപ്പെടുത്തികൊണ്ട് 2023 ലെ വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നു.

**സഖറിയാ ജോൺ**
(സെക്രട്ടറി)

പുത്തൻകാവ്
07.05.2023

# പ്രവർത്തന റിപ്പോർട്ട് 2023 – 24

കുടുംബയോഗ പ്രവർത്തനങ്ങൾ ഓരോ വർഷവും ഭംഗിയായി മുൻപോട്ട് കൊണ്ടുപോകാൻ ദൈവം തന്ന അനുഗ്രഹത്തിന് സ്തുതി അർപ്പിക്കുന്നു. ഇതിന്റെ മുൻപോട്ടുള്ള പ്രയാണത്തിന് സഹായിച്ച നമ്മുടെ പൂർവ്വ പിതാക്കന്മാരെയും കഴിഞ്ഞകാല ഭാരവാഹികളെയും നന്ദിയോടെ സ്മരിയ്ക്കുന്നു.

2023 മെയ് ഒന്നാം തീയതി കൂടിയ പൊതു യോഗത്തിൽ തിരഞ്ഞെടുത്ത ഭാരവാഹികൾ നിലവിൽ പ്രവർത്തിക്കുന്നു. 2022 ഒക്ടോബറിൽ കൂടിയ കമ്മറ്റിതീരുമാന പ്രകാരം ശ്രീ. സക്കറിയ ജോൺ സെക്രട്ടറിയായും, ശ്രീ. ജേക്കബ് ജി. കൊച്ചിട്ടി ജോയിന്റ് സെക്രട്ടറിയായും തുടരുന്നു. 2024 മെയ് 1-ാം തീയതി കൂടുന്ന പൊതുയോഗത്തിൽ 2024-25 ലേയ്ക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ട ചുമതല നമ്മിൽ നിഷിപ്തമാണ്. കമ്മറ്റി ചുമതലപ്പെടുത്തിയ നോമിനേഷൻ കമ്മറ്റി അതിന്റെ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു.

രക്ഷാധികാരിമാരായ ബഹുമാനപ്പെട്ട വൈദിക ശ്രേഷ്ഠർ, ഔദ്യോഗിക ഭരണസമിതി, ലേഡീസ് വിംഗ്, യൂത്ത് വിംഗ് എന്നിവരുടെ സഹായസഹകരണവും നന്ദിയോടെ സ്മരിക്കുന്നു.

### നിര്യാതരായവർ

2023 മേയ് 1-ാം തീയതി കൂടിയ വാർഷിക സമ്മേളനത്തിനുശേഷം നമ്മുടെ കുടുംബങ്ങളിൽ നിന്നും കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ട അംഗങ്ങളുടെ പേരു വിവരം താഴെ ചേർക്കുന്നു. ഈ പ്രിയപ്പെട്ടവരുടെ ദേഹ വിയോഗത്തിൽ കമ്മറ്റി അനുശോചനം രേഖപ്പെടുത്തുകയും, സംസ്ക്കാരശുശ്രൂഷകളിൽ നമ്മുടെ വൈദികരും, ഭാരവാഹികളും, അംഗങ്ങളും പോയി സംബന്ധിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം (2023-24) ചരമം പ്രമാണിച്ച് സമർപ്പിച്ച റീത്തുകൾ നമ്മുടെ കുടുംബാംഗമായ ശ്രീ. നൈനാൻ വറുഗീസ്, പുത്തൻ പുരയ്ക്കൽ പള്ളിതെക്കേൽ, സ്പോൺസർ ചെയ്തിട്ടുള്ളതാകുന്നു.

1. Mariamma Ninan, Pynummoottil, Puthencavu
2. Eapen Abraham, Kollamparampil, Vallopallil, Arattupuzha
3. Mr. George John, Vallopallil, Arattupuzha

4. Mr. George Ninan, Kizhavara
5. Mr. P. V. George, Ayanthikarottu
6. Mrs. Aliyamma Jacob, Parambil, Thiruvalla
7. Mrs. Elizabeth George, Puthenpuracal, Kadapra
8. Mrs. Aliyamma Ninan, Maret Thoppil, Kallooppara
9. Mrs. Mary George, Puthenpurackal Modiyil, Trivandrum
10. Mrs. Aliyamma George, Nallumalayil, Arattupuzha
11. Mr. George Mathew, Koduruzhathil, Keekozhour
12. Mr. Thomas Cherian, Nalloormalayil, Puthencavu
13. Susuamma George, Kochalumpalakkal Makkamkunnu
14. Mr. Eapen Chacko, Valiyatharayil
15. Mrs. Aliyamma Jacob, Mamoottil, Mulakuzha
16. K. George, Kizhekke Pynummoottil, Puthencavu
17. P. J. Thomaskutty (Biju), Puthencavil Puthenpurayil
18. Mr. Thomas K. Mathews, Puthael kollamparambil, Chennai
19. Mrs. Lizy Abraham, Ezikakathu, Mulakuzha
20. Dr. P. V. Koshy, Pooppally Nalloor, Arattupuzha.

**ഓണാഘോഷം – 2023**

2023 ലെ ഓണാഘോഷം ആഗസ്റ്റ് 31-ാം തീയതി വ്യാഴാഴ്ച രാവിലെ മലയിൽ വലിയ വീട്ടിൽ ശ്രീമതി ആനി മാമന്റെ ഭവനാങ്കണത്തിൽ നടത്തപ്പെട്ടു.

ഓണാഘോഷത്തിന്റെ നോട്ടീസ് എല്ലാ ഭവനങ്ങളിലും വിതരണം ചെയ്യുകയും, ദൂരസ്ഥലങ്ങളിൽ താമസിയ്ക്കുന്നവരെ പോസ്റ്റ് വഴി അറിയിയ്ക്കുകയും ചെയ്തിരുന്നു.

കുടുംബയോഗ പ്രസിഡന്റ് വെരി. റവ. മാത്യു തോമസ് കോർ എപ്പിസ്കോപ്പ, ഫാദർ തോമസ് ജോസഫ്, ശ്രീ. കെ. സി. ചാക്കോ, ശ്രീ. ഈപ്പൻ ചെറിയാൻ, മുഖ്യാതിഥി ശ്രീ. കെ. രാധാകൃഷ്ണൻ നായർ (റിട്ടയാർഡ് ഐ.പി.എസ്) എന്നിവർ വേദിയിൽ ഉപവിഷ്ഠരായിരുന്നു.

കുമാരി അർപ്പിത മാത്യുവിന്റെ പ്രാർത്ഥനഗാനത്തോടെ യോഗം ആരംഭിച്ചു. പ്രാർത്ഥനയ്ക്കുശേഷം ഗൃഹനാഥ ശ്രീമതി ആനി മാമൻ എല്ലാവരെയും ഓണാഘോഷ സമ്മേളനത്തിലേക്ക് സ്വാഗതം ചെയ്തു.

റിട്ട. ചീഫ് ജസ്റ്റിസ് ബെഞ്ചമിൻ കോശി തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ‘‘പഴയനിയമത്തിൽ സിംഹവും മാനും ഒന്നിച്ചു ജീവിയ്ക്കുന്ന മത്സര മില്ലാത്ത കാലത്തെപ്പറ്റി സൂചിപ്പിയ്ക്കുന്നുണ്ട്. ദൈവരാജ്യത്തിൽ എല്ലാവരും സമൻമാർ ആണെന്നും പ്രത്യേകിച്ച് സഹോദരന്മാർ ഒത്തൊരുമിച്ച് വസിയ്ക്കുന്നതും ഒത്തു ചേരുന്നതും സന്തോഷം നൽകുമെന്നും അങ്ങനെ ഒരു കാലം ഉണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ ഓണാശംസകൾ നേർന്ന് ഉദ്ഘാടന പ്രസംഗം അവസാനിപ്പിച്ചു.

**ഓണസന്ദേശം**

ശ്രീ. കെ. രാധാകൃഷ്ണൻ നായർ, റിട്ട. ഐ. പി. എസ് തന്റെ സന്ദേശത്തിൽ ‘‘പഴയകാല ഓണാഘോഷവും ഇക്കാലത്തെ ആഘോഷങ്ങളും തമ്മിലുള്ള അന്തരം വിവരിച്ചു. പൊതുപങ്കാളിത്തത്തിൽ നിന്നും വ്യതിചലിച്ച് ഇവന്റ് മാനേജമെന്റ് രംഗത്തു വന്നതിനാൽ സഹകരണവും പങ്കാളിത്തവും ഇല്ലാതായെന്നും, വിദൂരതയിൽ ആയിരിക്കുന്നവർ കുടുംബമായി വന്ന്, ഒത്തുചേരുന്ന ഈ സന്ദർഭം കുടുംബയോഗത്തിന്റെ പ്രസക്തി വർദ്ധിപ്പിയ്ക്കുമെന്നും, കുടുംബ യോഗത്തിന് എല്ലാ ഓണാശംസകളും നേർന്നു സന്ദേശം അവസാനിപ്പിച്ചു.

പ്രസിഡന്റ് വെരി. റവ. മാത്യു തോമസ് കോർ എപ്പിസ്കോപ്പാ, ഫാദർ തോമസ് ജോസഫ് എന്നിവർ ആശംസാ പ്രസംഗം നടത്തി.

നവതി ആഘോഷിച്ച കുടുംബയോഗ അഡ്വൈസർ ശ്രീ. കെ. സി. ചാക്കോയെ, മൊമെന്റോയും പൊന്നാടയും അണിയിച്ച് ആദരിച്ചു.

കുമാരി ജോവിന്റൊ സാറാ സന്തോഷിന്റെ പാട്ട്, അലൻ & ആൽവിൻ അവതരിപ്പിച്ച ഡാൻസ്, ശ്രീമതി. ഷൈനി കോശി, വൽസാ ഗീവർഗീസ് എന്നിവരുടെ കവിത, മലയിൽ സിസ്റ്റേഴ്സ് അവതരിപ്പിച്ച പാട്ട്, ശ്രീമതി ബിന്ദു & പാർട്ടിയുടെ പാട്ട്, ബൈബിളിനെ ആസ്പദമാക്കി ശ്രീ. പി. കെ. ഗീവർഗ്ഗീസ് എഴുതി തയ്യാറാക്കി അവതരിപ്പിച്ച കവിത എന്നീ കലാപരിപാടികൾ വേദിയിൽ അരങ്ങേറി. ആനി മാമനും കൂട്ടരും അവതരിപ്പിച്ച വള്ളപ്പാട്ട് ഒരു പ്രത്യേകതയായിരുന്നു.

തുടർന്ന് വിഭവ സമൃദ്ധമായ ഓണസദ്യയോടെ സമ്മേളന പരിപാടി സമാപിച്ചു.

**ക്രിസ്തുമസ് 2023**

കുടുംബയോഗത്തിൽ 2023 ലെ ക്രിസ്തുമസ് ആഘോഷം പുത്തൻകാവ്, പുത്തൻപുരയ്ക്കൽ ശ്രീ. തോമസ് മാത്യുവിന്റെ ഭവനാങ്കണത്തിൽ വച്ച് 28.12.2023 ശനിയാഴ്ച 3 പി. എം ന് നടത്തപ്പെട്ടു.

റവ. ഫാദർ സാമുവേൽ റ്റി. ജോർജ്ജ് എല്ലാവരെയും സ്വാഗതം ചെയ്ത് ക്രിസ്തുമസ് ആശംസകൾ നേർന്നു.

വെരി. റവ. മാത്യു തോമസ് കോർ എപ്പിസ്കോപ്പാ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ മനുഷ്യനായി ലോകത്തിലേയ്ക്ക് വന്ന് മനുഷ്യ ജാതിയെ രക്ഷിയ്ക്കുന്നതിനായി ദൈവത്തിന്റെ പദ്ധതിയായി യേശുക്രിസ്തു ലോകത്തിലേയ്ക്ക് വന്ന് നമ്മൾക്ക് കാണിച്ചുതന്ന മഹാ സ്നേഹത്തെ പിൻപറ്റി ജീവിക്കാൻ നമുക്കു കഴിയട്ടെ എന്ന് ഓർമിപ്പിച്ച് പുതുവർഷത്തിന്റെയും ക്രിസ്തുമസ്സിന്റെയും ആശംസകൾ നേർന്നു.

കുടുംബയോഗ ക്ഷണം സ്വീകരിച്ച് എത്തിച്ചേർന്ന ബഥനി ആശ്രമം സുപ്പിരിയറും മുൻ ഇടുക്കി ഭദ്രാസനാധിപനും, ഇപ്പോൾ അഖില മലങ്കര പ്രാർത്ഥനയോഗം പ്രസിഡന്റുമായ അഭിവന്ദ്യ മാത്യൂസ് മാർ തേവോദോസിയോസ് തിരുമേനി ക്രിസ്തു കുർബ്ബാനയായി മാനവ രാശിയുടെ രക്ഷയ്ക്കായി സർഗത്തിൽ നിന്നും മനുഷ്യനായി കടന്നുവന്ന ദിനമായി ക്രിസ്തുമസ്സ് ആഘോഷിയ്ക്കുന്നു എന്ന് ആമുഖമായി പറഞ്ഞും ക്രിസ്തു നമ്മുടെ നായകൻ സർവ്വലോക ത്തിനും ബലിയായി തീർന്നു. നമ്മുടെ സ്വഭാവത്തെ, വ്യക്തിത്വത്തെ നാം ഇന്ന് ആയിരിയ്ക്കുന്ന അവസ്ഥയെ രൂപപ്പെടുത്തിയതിൽ ദൈവത്തോട് എത്രമാത്രം കടപ്പെട്ടിരിയ്ക്കുന്നു. നാം ഓരോരുത്തരും ക്രിസ്തുവിനെപ്പോലെ ആകുക. യോശുവൊ 1:9 നിന്റെ ദൈവമമായ യഹോവ നീ പോകുന്നിടത്തൊക്കെയും നിന്നോടുകൂടെ ഉള്ളതു കൊണ്ട് ധൈര്യമായിരിയ്ക്കുക, ഭയപ്പെടരുത് എന്ന കല്പന പ്രമാണിച്ച് കാളിയാങ്കൽ കുടുംബാംഗങ്ങൾ എവിടെ ചെന്നാലും ക്രിസ്തുവിന്റെ ഭാവത്തിൽ, സ്നേഹത്തിൽ ആയിരിക്കട്ടെ എന്ന് ആഹ്വാനം ചെയ്ത് എല്ലാ ക്രിസ്തുമസ്സ് പുതുവത്സര ആശംസകളും നേർന്നു.

റവ. ഫാദർ, തോമസ് ജോസഫ്, ബാരിസ്റ്റർ വിമല ജേക്കബ് എന്നിവരും ആശംസ പ്രസംഗം നടത്തി. വിവിധ കലാപരിപാടിക ളോടും, ക്രിസ്തുമസ് ഫാദറിന്റെ രംഗ പ്രവേശനത്തോടെയും പരിപാടി സമാപിച്ചു. ശ്രീ. ഈപ്പൻ ചെറിയാൻ വന്നു ചേർന്ന് എല്ലാവരോടും നന്ദി രേഖപ്പെടുത്തിയതോടൊപ്പം 1991 ലെ നമ്മുടെ കുടുംബചരിത്രം അപ്ഡേറ്റ് ചെയ്ത് പുനപ്രസിദ്ധീകരിക്കുന്നതിന് എക്സിക്യുട്ടീവ് കമ്മറ്റിയുടെ തീരുമാനവും പ്രവർത്തനപുരോഗതിയും സദസ്സിനെ

അറിയിക്കുകയുണ്ടായി. ഫാ. തോമസ് ജോസഫ് ആശീർവാദം നടത്തി കാപ്പിസൽക്കാരത്തിനായി പിരിഞ്ഞു.

**കമ്മറ്റി മീറ്റിംഗ് നടത്തപ്പെട്ട ഭവനങ്ങൾ**

| | | |
|---|---|---|
| June 16.2023 | - | Mrs. Sarala Stephen |
| July 17.2023 | - | Mr. K. V. Joseph |
| Agu. 18.2023 | - | Mr. P. K. Geevarghese |
| Sept. 15.2023 | - | Mr. Daya Jacob |
| Oct. 25.2023 | - | Mr. Zachariah John |
| Nov. 17. 2023 | - | Mr. Stephen George |
| Dec. 15.2023 | - | Mr. Cherian P. Oommen |
| Jan. 30.2024 | - | Mr. Georgy K. Eapen |
| Feb. 20.2024 | - | Mr. Eapen Cherian |
| March 19.2024 | - | Mr. Moni Cherian |
| April 15.2024 | - | Mr. John Eapen |
| April 20.2024 | - | Mr. John Eapen |

എന്നിവരുടെ ഭവനങ്ങളിൽ വെച്ച് കമ്മറ്റി മീറ്റിംഗുകൾ നടത്തുകയുണ്ടായി. ക്രമീകരണങ്ങൾ ചെയ്തു തന്ന ഭവനാംഗങ്ങളോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

**ലേഡീസ് വിംഗ്**

ലേഡീസ് വിംഗിന്റെ പൂർണ്ണ സഹകരണം കുടുംബയോഗം ശ്ലാഹിക്കുന്നു. മാസം തോറും കൂടുന്ന മീറ്റിഗുകൾ കുടുംബത്തിലെ സ്ത്രീജനങ്ങളുടെ ഒരു ഒത്തുകൂടലായും, വിശേഷങ്ങൾ പങ്കിടുന്ന വേദിയുമാകുന്നു. ലേഡീസ് വിംഗും, അതോടൊപ്പം കുടുംബയോഗവും ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സഹായം നൽകി വരുന്നു. ഓണം, ക്രിസ്തുമസ്സ്, വാർഷിക സമ്മേളനം എന്നീ പരിപാടികളിൽ എല്ലാം അവരുടെ നിറ സാന്നിദ്ധ്യമുണ്ട്. ഈ അവസരങ്ങളിൽ അവർ നടത്തുന്ന കലാപരിപാടികൾ ഈ അവസരങ്ങളെ ധന്യമാക്കുന്നു. അതിന്റെ ഭാരവാഹികൾക്കും, അംഗങ്ങൾക്കും പ്രത്യേകമായ നന്ദിയും സ്നേഹവും അറിയിക്കുന്നു.

## യൂത്ത് വിംഗ്

പുതുതലമുറയുടെ കുടുംബയോഗത്തിലുള്ള പങ്ക് വളരെ കുറവായി കാണുന്നു. സോഷ്യൽ മീഡിയാ വഴി അവർ ബന്ധങ്ങളും, സ്നേഹങ്ങളും പങ്കിടുന്നതായി മനസ്സിലാക്കുന്നു. വാട്ട്സാപ്പ് ഗ്രൂപ്പ്, വെബ് സൈറ്റ് തുടങ്ങിയവ ഈ കൂടിവരവിനു സഹായമായി തീരുന്നു.

## ഭവനസന്ദർശനം

പ്രായാധിക്യം കൊണ്ടും, രോഗങ്ങൾകൊണ്ടും ഭവനത്തിലും ആശുപത്രിയിലും കഴിയുന്ന കുടുംബാംഗങ്ങളെ ബഹുമാനപ്പെട്ട വൈദികരും ഭാരവാഹികളും സന്ദർശിച്ച് പ്രാർത്ഥന നടത്തിയും, സ്നേഹം പങ്കിടുവാനും കുടുംബയോഗ കമ്മിറ്റിയ്ക്കു സാധിക്കുന്നുണ്ട്. രോഗികളായ കുടുംബാംഗങ്ങളുടെ വിവരം ഭാരവാഹികളെ അറിയിക്കുകയോ, വാട്ട്സാപ്പുവഴി വിവരം ധരിപ്പിയ്ക്കുകയോ ചെയ്താൽ ഈ പ്രവർത്തനം കൂടുതൽ വ്യാപിപ്പിയ്ക്കാൻ സാധിയ്ക്കും.

## കാരുണ്യ പ്രവർത്തനം

മുൻപതിവുപോലെ ഈ കൊല്ലവും ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തി. ഈ കൊല്ലം ബോൺ മാരോ ചികിത്സയ്ക്കായി ഒരു ബാലന് 10,000/-രൂപാ കുടുംബയോഗവും, 5000/- രൂപ ലേഡീസ് വിംഗും ചേർന്ന് 15000/- രൂപ നൽകുകയുണ്ടായി.

## കുടുംബ ചരിത്ര പുനപ്രസിദ്ധീകരണത്തിനായി എടുത്ത തീരുമാനങ്ങൾ

1991 ൽ പ്രസിദ്ധീകരിച്ച കുടുംബചരിത്രം പല ഭവനങ്ങളിലും ലഭ്യമല്ലാത്തതിനാലും സ്റ്റോക്കിൽ ഇല്ലാത്തതിനാലും അതേ ബുക്ക് തന്നെ 750 കോപ്പികൾ 2023 ഡിസംബർ 31 വരെയുള്ള അപ്ഡേഷൻ ചേർത്ത് റിപ്രിന്റ് ചെയ്യുവാനും നേരെത്തേയുള്ളതിൽ നിന്നും യാതൊരു വ്യതിയാനങ്ങളും വരുത്താതെ പഴയ രീതിയിൽ തന്നെ തലമുറ നമ്പറുകൾ ക്രമീകരിച്ച് തെറ്റുകൾ ഉണ്ടെങ്കിൽ തിരുത്തി പുനഃപ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു.

അതനുസരിച്ച് 3 പ്രസ്സുകളിൽ നിന്നും ക്വട്ടേഷൻ വാങ്ങിയതിൽ നിന്നും തിരഞ്ഞെടുത്ത മല്ലപ്പള്ളി ഗ്രാഫിക് സിസ്റ്റംസ് & കമ്പനിയ്ക്ക് 25.01.24 ലെ ക്വട്ടേഷൻ പ്രകാരം 750 കോപ്പികൾ പ്രിന്റ് ചെയ്തു തരുവാൻ തീരുമാനിച്ചു.

എല്ലാ ശാഖകളിലെയും കുടുംബാഗംങ്ങളുടെ 2023 ഡിസംബർ 31 വരെയുള്ള വിവരങ്ങൾ 15.02.2024 മുമ്പായി അതാത് ശാഖ കൺവീനർമാരെ ഏൽപ്പിക്കണമെന്നും ആയതിന്റെ അറിയിപ്പ് നമ്മുടെ മാധ്യമങ്ങളായ വാട്സാപ്പ്, വെബ്സൈറ്റ്, 2024 ഫെബ്രുവരി 4 ന് മലയാള മനോരമയുടെ ആലപ്പുഴ, പത്തനംതിട്ട എന്നീ എഡീഷനു കളിൽ പ്രസിദ്ധീകരിച്ച് അറിയിക്കുകയും ചെയ്തു. പുനപ്രസിദ്ധീ കരണത്തിന്റെ ചിലവിലേക്ക് ആവശ്യമായ തുക ഓരോ ശാഖക്കാരും വഹിക്കേണ്ടതിനാൽ ഓരോ ശാഖക്കാരും 70000, രൂപ വീതം എടുക്കു വാനും വ്യക്തിപരമായി കളർ ഫോട്ടോ ചേർക്കേണ്ടവർ ഫുൾ പേജിന് 600 രൂപയും ഹാഫ് പേജിന് 300 രൂപയും നൽകണമെന്നും തീരു മാനിച്ചു. 1000 രൂപ നൽകുന്നവർക്ക് ഓരോ ചരിത്രബുക്ക് നൽകുന്നതിന് തീരുമാനിച്ചു. കളർ ഫോട്ടോകൾ ആർട്ട് പേപ്പറിൽ അടിക്കുന്നതു കൊണ്ട് ഓരോ ശാഖയുടെയും ചരിത്രത്തിന്റെ അവസാന ഭാഗത്തേ ഫോട്ടോകൾ ചേർക്കാൻ സാധിക്കുകയുള്ളു.

**ഉപസംഹാരം**

കഴിഞ്ഞ ഒരു വർഷം സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവച്ച സെക്രട്ടറിക്കും ജോയിന്റ് സെക്രട്ടറി ശ്രീ. ജേക്കബ് ജി. കൊച്ചിട്ടിക്കും നന്ദിരേഖപ്പെടുത്തുന്നു. എല്ലാ കുടുംബയോഗ ശാഖകളിൽ നിന്നും ഞങ്ങൾക്ക് ലഭിച്ച സഹകരണത്തിന് നന്ദി രേഖപ്പെടുത്തുന്നു. ആയുസും ആരോഗ്യവും തന്ന ഈശ്വരനെ സ്തുതിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

**സഖറിയാ ജോൺ**
*(സെക്രട്ടറി)*

പുത്തൻകാവ്
05.04.2024

# അറിയിപ്പുകൾ

1. കുടുംബാംഗങ്ങൾ നിര്യാതരാകുമ്പോൾ പേരുവിവരം അതാത് ശാഖാ ചുമതലക്കാർ ഭാരവാഹികളെ അറിയിക്കേണ്ടതാണ്.

2. 2024 മെയ് 1-ാം തീയതിക്കകം 75 വയസ്സു പൂർത്തിയാകുന്ന നമ്മുടെ കുടുംബാംഗങ്ങളുടെ പേരുവിവരങ്ങൾ അറിയിക്കേണ്ടതാണ്. അവരെ വാർഷിക സമ്മേളനത്തിൽ അനുമോദിച്ച് പൊന്നാട അണിയിക്കുന്നതാണ്. കമ്മിറ്റി മെമ്പർമാർ ഇക്കാര്യം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

3. 2022-23 വിദ്യാഭ്യാസ വർഷത്തിൽ ഉന്നതനിലവാരത്തിൽ മാർക്കു നേടി എസ്. എസ്. എൽ. സി, ഐ. സി. എസ്. ഇ, സി. ബി. എസ്. ഇ, +2, ബി. എ, ബി. എസ്. സി, വി. എച്ച്. എസ്. സി പരീക്ഷകളിൽ ഉന്നതവിജയം ലഭിച്ച നമ്മുടെ കുട്ടികൾക്ക് പ്രോത്സാഹനത്തിനായി സ്കോളർഷിപ്പ് വാർഷിക സമ്മേളനത്തിൽ വെച്ചു നൽകുന്നതാണ്. സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റ് 25-4-2024 നു മുമ്പായി സെക്രട്ടറിക്ക് ലഭിച്ചിരിക്കേണ്ടതാണ്.

4. വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം അർഹിക്കുന്ന നമ്മുടെ കുട്ടികൾക്ക് ധനസഹായം നൽകുന്നതാണ്. രക്ഷകർത്താവ് യഥാസമയം അപേക്ഷ നൽകിയിരിക്കണം. (25.04.2024 മുമ്പ്)

5. ചികിത്സാവശ്യങ്ങൾക്ക് ധനസഹായം ആവശ്യമുള്ള കുടുംബാംഗങ്ങൾക്ക് അവരുടെയോ ബന്ധപ്പെട്ടവരുടെയോ അപേക്ഷയിന്മേൽ അർഹതയനുസരിച്ച് ധനസഹായം നൽകുന്നതാണ്.

6. കുടുംബയോഗ പ്രസിദ്ധീകരണങ്ങൾ പോസ്റ്റ് വഴി ലഭിക്കുന്നതിന് വിദൂര സ്ഥലങ്ങളിൽ താമസിക്കുന്ന കുടുംബാംഗങ്ങൾ പൂർണ്ണമായ അഡ്രസ്സ് ഭാരവാഹികൾക്ക് എഴുതി നൽകുക.

7. സൊസൈറ്റി ആക്ട് പ്രകാരം കാളിയാങ്കൽ വലിയ വീട്ടിൽ കുടുംബയോഗം ആലപ്പുഴ രജിസ്ട്രേഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും 2023-24 വരെ പുതുക്കിയിട്ടുള്ളതുമാണ്.

## സ്കോളർഷിപ്പുകൾ

തൊട്ടുമുമ്പ് അദ്ധ്യയന വർഷത്തിൽ എസ്. എസ്. എൽ. സി.ക്ക് (ഏറ്റവും കൂടുതൽ മാർക്ക്) ഉന്നതവിജയം നേടിയ കുട്ടിക്ക് കരിപ്പാച്ചേരിൽ ശ്രീ. ഈപ്പൻ നൈനാൻ മെമ്മോറിയൽ സ്കോളർഷിപ്പ് നൽകുന്നതാണ്.

## മറ്റുധനസഹായ പദ്ധതികൾ

1. ആറാട്ടുപുഴ താഴത്തേടത്തു പരേതരായ ഡോ. റ്റി. ഐ. ഈപ്പൻ സൂസന്നാമ്മ ഈപ്പൻ എന്നിവരുടെ മക്കൾ ശ്രീ. ഈപ്പനും, ശ്രീ. മത്തായി ഈപ്പനും ചേർന്ന് നൽകിയിട്ടുള്ള എൻഡോവ്മെന്റ് തുകയായ 2000/- രൂപയുടെ സ്ഥിരനിക്ഷേപ പലിശ നമ്മുടെ കുടുംബത്തിൽപ്പെട്ട സമർത്ഥരായ കുട്ടികൾക്ക് അർഹതാനുസരണം വിദ്യാഭ്യാസത്തിന് വേണ്ടി നൽകുന്നതാണ്.

2. കുടുംബയോഗ മുൻ പ്രസിഡന്റ് കോന്നി മാമ്മൂട്ടിൽ എസ്റ്റേറ്റിൽ ശ്രീ. കെ. ജി. ജോണിന്റെ സ്മരണയ്ക്കായി മക്കൾ ശ്രീ. വർക്കി ജോണും, ശ്രീ. കെ. ജെ. ജോർജ്ജും ചേർന്ന് എൻഡോവ്മെന്റായി ഫിക്സഡ് ഡിപ്പോസിറ്റിൽ നിക്ഷേപിച്ചിരിക്കുന്ന 10000/- രൂപയിൽ നിന്ന് കിട്ടുന്ന പലിശ നമ്മുടെ കുടുംബാംഗങ്ങൾക്ക് വിദ്യാഭ്യാസത്തിനോ ചികിത്സയ്ക്കോ അർഹതാനുസരണം നൽകുന്നതാണ്.

3. പുത്തൻകാവ് പുത്തൻപുരയ്ക്കൽ (ഹൗസ് നമ്പർ 1) ദിവംഗതനായ ശ്രീ. മാമ്മൻ ഉമ്മന്റെ (മോനി) സ്മരണയ്ക്കായി മാതാവ് ശ്രീമതി മേരി മാമ്മൻ നൽകിയിട്ടുള്ള എൻഡോവ്മെന്റ് 10000/- രൂപയുടെ (ഫിക്സഡ് ഡിപ്പോസിറ്റ്) പലിശ കുടുംബയോഗത്തിൽപെട്ട രോഗികൾക്ക് ചികിത്സാർത്ഥം നൽകുന്നതാണ്.

4. ആറാട്ടുപുഴ നല്ലൂർ പുത്തൻപീടികയിൽ ശ്രീ. ചെറിയാൻ അലക്സ് (രാജൻ) എൻഡോവ്മെന്റായി 50000/- രൂപാ (അൻപതിനായിരം രൂപ) നൽകിയിട്ടുള്ളതിൽനിന്ന് 25000/- രൂപാ അദ്ദേഹത്തിന്റെ പിതാവ് ശ്രീ. എൻ. ഐ. ചെറിയാൻ അവർകളുടെ സ്മരണയ്ക്കായി ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിച്ചു. അതിന്റെ പലിശ അർഹരായ രോഗികൾക്ക് ചികിത്സയ്ക്കുവേണ്ടി നൽകുന്നതാണ്.

ബാക്കി 25000/- രൂപാ അദ്ദേഹത്തിന്റെ മകൻ മാസ്റ്റർ ചെറിയാൻ അലക്സ് (ജൂനിയർ) കൊച്ച് അവറുകളുടെ സ്മരണയ്ക്കായി ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിച്ചു. ആയതിന്റെ പലിശ സമർത്ഥരായ അർഹർക്ക് വിദ്യാഭ്യാസ ചെലവിനുവേണ്ടി കൊടുക്കുന്നതാണ്.

5. കോന്നി, ഊട്ടുപാറ, മാമ്മൂട്ടിൽ എസ്റ്റേറ്റിൽ ശ്രീ. കെ. ജോർജ്ജ് ജോസഫിന്റെയും ശ്രീമതി അമ്മണി ജോസഫിന്റെയും സ്മരണയ്ക്കായി പുത്രി ഡോ. ഉഷാ ജോർജ്ജ് 20000/- (ഇരുപതിനായിരം) രൂപ എൻഡോവ്മെന്റായി തന്നിട്ടുണ്ട്. ഇതിൽ നിന്നും കിട്ടുന്ന പലിശ ഏതു വിഭാഗത്തിലുള്ള പിഎച്ച്ഡി ബിരുദം നേടുന്ന ഒരു വ്യക്തിക്ക് പാരിതോഷികമായി നൽകുന്നതാണ്.

6. പെണ്ണൂക്കര മലയിൽ ശ്രീ. എം. ഇ. ജോർജ്ജ് അവറുകളുടെ സ്മരണയ്ക്കായി മകൾ ശ്രീമതി ജെസ്സി ജോർജ്ജ് കുര്യൻ കുടുംബാഗംങ്ങളായ അർഹതപ്പെട്ടവർക്ക് വിദ്യാഭ്യാസത്തിനോ ചികിത്സയ്ക്കോ സഹായമായി പലിശതുക എടുത്ത് സംഭാവന നൽകുന്നതിന് ഇരുപത്തയ്യായിരം (25000) രൂപ എൻഡോവ്മെന്റായി തരികയും അത് ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

7. നമ്മുടെ കുടുംബയോഗത്തിലെ അർഹതയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി വെരി. റവ. ഡോ. പി. എസ്. ശമുവേൽ കോർ എപ്പിസ്കോപ്പാ (അമേരിക്ക) അദ്ദേഹത്തിന്റെ സഹധർമ്മിണി ശ്രീമതി അമ്മിണി ടീച്ചറിന്റെ ഓർമ്മയ്ക്ക് 5000/- (അയ്യായിരം) രൂപ എൻഡോവ്മെന്റായി തന്നിട്ടുണ്ട്.

8. താഴത്തേടത്ത് ശ്രീ. ടി. എൻ. ജോർജ്ജ് മെമ്മോറിയൽ എൻഡോവ്മെന്റായി അദ്ദേഹത്തിന്റെ മകൻ ഡോ. ജോർജ്ജ് ഈപ്പൻ തന്ന 5000/- രൂപയുടെ സ്ഥിരനിക്ഷേപത്തിന്റെ പലിശ നമ്മുടെ കുടുംബയോഗത്തിലെ വിദ്യാർത്ഥികളുടെ പഠന ആവശ്യത്തിലേക്ക് അർഹത അനുസരിച്ച് നൽകുന്നതാണ്.

9. ആറാട്ടുപുഴ താഴത്തേടത്ത് ചെറുതാല ശ്രീ. റ്റി എം. ഏബ്രഹാം തന്റെ മാതാപിതാക്കൾ ശ്രീ. എം. കെ. മാത്യു & ശ്രീമതി തങ്കമ്മ മാത്യു എന്നിവരുടെ സ്മരണാർത്ഥം നൽകിയ എൻഡോവ്മെന്റ്

തുകയായ 25000/- രൂപയുടെ സ്ഥിര നിക്ഷേപ പലിശ നമ്മുടെ കുടുംബത്തിൽനിന്നും എഞ്ചിനിയറിംഗ് ഉന്നത നിലയിൽ പാസ്സാകുന്ന വിദ്യാർത്ഥിക്ക് നൽകുന്നതാണ്.

10. ആറാട്ടുപുഴ താഴത്തേടത്ത് ബഹുമാനപ്പെട്ട ഫാ. സാമുവേൽ റ്റി. ജോർജ്ജ് (രക്ഷാധികാരി) നൽകിയ ഒരുലക്ഷം രൂപ അദ്ദേഹത്തിന്റെ മാതാവ് ശ്രീമതി അമ്മിണി ജോർജ്ജിന്റെ സ്മരണയ്ക്കായി ഫിക്സഡ് ഡിപ്പോസിറ്റ് നിക്ഷേപിച്ചതിൽ നിന്ന് കിട്ടുന്ന പലിശ തുക ക്യാൻസർ രോഗികൾക്ക് ചികിത്സയ്ക്കായി നൽകുന്നു.

**സഖറിയ ജോൺ**
(സെക്രട്ടറി)



*ദൈവനാമത്തിന് മഹത്വം ഉണ്ടായിരിക്കട്ടെ!*

# കാളിയാങ്കൽ വലിയ വീട്ടിൽ ലേഡീസ് വിംഗിന്റെ 2023– 2024 കാലയളവിലെ പ്രവർത്തന റിപ്പോർട്ട്



## ആമുഖം

### ആശിഷമാരിയുടെ നാളുകൾ

നാം എന്തായിരിക്കുന്നുവോ അത് ഇന്നലെകളിൽ എടുക്കുന്ന തീരുമാനത്തിന്റെ ഫലമാണ്. നിങ്ങൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു വെങ്കിൽ, അത് കഴിഞ്ഞ കാലങ്ങളിൽ 'എനിക്ക് അനുഗ്രഹപ്പെടണം.' എന്ന തീരുമാനം എടുക്കുകയും അനുഗ്രഹത്തിന്റെ മാർഗ്ഗങ്ങൾ ആരാഞ്ഞ്, അതിനെ മുറുകെ പിടിക്കുകയും ചെയ്തതിന്റെ അനന്തര ഫലമാണ്. ഇതുപോലെ തന്നെ നാളെ നിങ്ങൾ എന്തായിരിക്കുന്നുവോ അത് ഇന്നു നിങ്ങൾ എടുക്കുന്ന തീരുമാനത്തെ ആസ്പദമാക്കിയാ യിരിക്കും. നമ്മൾ മനസുകൊണ്ട് ആഗ്രഹിച്ച തീരുമാനങ്ങൾ അവയെ യാഥാർത്ഥ്യമാക്കുവാനുള്ള പരിശ്രമങ്ങൾക്ക് ഒരു പ്രയാസവും നേരിടാൻ ഇടവരികയില്ല.

### ലേഡീസ് വിംഗ്

കാളിയാങ്കൽ വലിയവീട്ടിൽ കുടുംബത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഈ സംഘടന കുടുംബത്തിന്റെ അവിഭാജ്യ ഘടകമായിത്തന്നെ ഇന്നും പ്രവർത്തിച്ചുവരുന്നു.

### 2023 –2024ലെ ലേഡീസ് വിംഗ് ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | – | ശ്രീമതി വത്സലാ ജോസഫ് |
| വൈസ് പ്രസിഡന്റ് | – | ശ്രീമതി ശാന്തി ജോർജ്ജ് |
| സെക്രട്ടറി | – | ശ്രീമതി ഗ്രേസ് ജേക്കബ് |
| ട്രഷറാർ | – | ശ്രീമതി റൂണി സാറാ ജോൺ |

## പ്രവർത്തനങ്ങൾ

പാരമ്പര്യം, പൗരാണികത എന്നിവ പ്രകീർത്തിച്ച് നടത്തപ്പെട്ടു വരുന്ന ലേഡീസ് വിംഗ് മീറ്റിംഗുകൾ എല്ലാ മാസത്തിലും സംഘത്തിലെ ഏതെങ്കിലും ഒരു അംഗത്തിന്റെ ഭവനത്തിൽ കൂടിവരുന്നു. പാട്ട്, വേദപുസ്തക വായന, പ്രാർത്ഥന ഇവയ്ക്കുശേഷം പ്രസിഡന്റ് അന്നത്തെ സാഹചര്യത്തിന് അനുസരിച്ച് ഉപക്രമ പ്രസംഗം നടത്തുന്നു. അതിനുശേഷം പാചകം, തയ്യൽ, കുസൃതി ചോദ്യങ്ങൾ, ബൈബിൾ ക്വിസ് ഇവയിൽ ഏതെങ്കിലും ഒന്ന് ആരെങ്കിലും ഒരാൾ അവതരിപ്പിക്കാൻ നേതൃത്വം കൊടുക്കുന്നു. കൂടാതെ അറിവുകൾ വർദ്ധിപ്പിക്കുന്ന പല ചിന്തകളും ചർച്ച ചെയ്യുന്നു. കൂടാതെ വർഷാരംഭത്തിൽ ചിട്ടി തുടങ്ങുകയും ഓരോ മാസവും ലോട്ട് ഇട്ട് ചിട്ടി എടുക്കുകയും ചെയ്യുന്നു. വാർഷികയോഗത്തിൽ ലേഡിസ് വിംഗിന്റെ ആഭിമുഖ്യത്തിൽ എല്ലാവർഷവും **'സെയിൽ'** നടത്തിവരുന്നു. ഇതിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ നല്ലൊരംശം ഏതെങ്കിലും ആവശ്യത്തിലിരിക്കുന്ന ഒരാൾക്ക് ചാരിറ്റിയായി നൽകുന്നു. സംഘാംഗങ്ങളുടെ ഇടയിൽ രോഗാവസ്തയിൽ, വേർപാടിന്റെ ദുഃഖം അനുഭവിക്കുന്ന ഭവനങ്ങളിൽ പോകുകയും പ്രാർത്ഥിക്കുകയും, ആദരാഞ്ജലികൾ അർപ്പിച്ച് റീത്തു സമർപ്പിക്കുകയും ചെയ്യുന്നു.

എല്ലാവർഷവും ഏതെങ്കിലും ഒരു ദിവസം **'സ്പോർട്സ് ഡേ'** ആയി ഞങ്ങൾ കൂടുന്നു. മെമ്മറി ടെസ്റ്റ്, മ്യൂസിക്കൽ ചെയർ, ലൈറ്റിംഗ് ദി കാൻഡിൽസ് ഇങ്ങനെ വളരെ രസകരമായ മത്സരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. മത്സരങ്ങളിൽ ജയിച്ച ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനങ്ങൾ നൽകുന്നു. രണ്ടു വർഷം കൂടുമ്പോൾ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു. ഇപ്പോൾ 22 പേർ അംഗങ്ങളായി ഉണ്ട്. പുതുതായി നമ്മുടെ കുടുംബത്തിലെ സ്ത്രീകൾ കടന്നുവന്ന് ഈ സംഘടനയെ കൂടുതൽ ശക്തിപ്പെടുത്തുവാൻ ആഹ്വാനം ചെയ്യുന്നു. ചില ശാരീരിക പ്രയാസം കൊണ്ട് സ്ഥിരമായി വരുവാൻ സാധിക്കാതെ പോകുന്നവരും ഉണ്ട്. അവരുടെയൊക്കെ സ്നേഹവും കരുതലും പ്രോത്സാഹനവും ലേഡീസ് വിംഗ് നന്ദിയോടെ ഓർക്കുന്നു.

സീനിയർ സിറ്റിസൺസായ എല്ലാ മെംബേഴ്സിനും എല്ലാവർഷവും വാർഷികയോഗത്തിൽ പാരിതോഷികം നൽകി ആദരിച്ചുവരുന്നുണ്ട്.

ക്രിസ്തുമസ് ആഘോഷാവസരത്തിൽ കൂടിവരുന്നവർക്ക് ലേഡീസ് വിംഗിന്റെ വകയായി സ്നാക്സ് എല്ലാവർഷവും ഞങ്ങൾ കൊടുത്തു വരുന്നു. വാർഷിക മീറ്റിംഗിനും ഓണാഘോഷത്തിനും ക്രിസ്തുമസാ ഘോഷത്തിലും ലേഡീസ് വിംഗ് വിവിധ കലാപരിപാടികൾ അവത രിപ്പിക്കുന്നു.

**ഉപസംഹാരം**

കാളിയാങ്കൽ വലിയവീട്ടിൽ കുടുംബത്തിന്റെ 2023 – 24 ലെ ലേഡീസ് വിംഗിന്റെ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി നടത്തുവാൻ സാധിച്ചു. ഇന്നു നാം അനുഭവിക്കുന്ന നന്മയുടെയും ഉയർച്ചയുടെയും വളർച്ചയു ടെയും പിന്നിൽ പ്രവർത്തിച്ച എല്ലാവരോടും നന്ദി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രത്യേകിച്ച് ഭാരവാഹികളും സംഘാംഗങ്ങളും ഒത്തൊരുമിച്ച് വലുപ്പചെറുപ്പമില്ലാതെ പ്രവർത്തിച്ചതിന്റെ ഫലമാണ് വളരെ നല്ല നിലയിൽ പ്രവർത്തന നിലവാരം പുലർത്തുവാൻ ഞങ്ങൾക്ക് സാധിച്ചത് എന്ന് അഭിമാനത്തോടെ ഈ അവസരത്തിൽ സാക്ഷ്യപ്പെടുത്തുന്നു. അതിന് ലേഡീസ് വിംഗിനെ സഹായിച്ച പിതാവായ ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് സവിനയം സമർപ്പിച്ചുകൊള്ളുന്നു.

എന്ന്,

ലേഡീസ് വിംഗിനുവേണ്ടി,

**വത്സലാ ജോസഫ്**

(പ്രസിഡന്റ്)

# സ്വസ്ഥത ലഭിക്കുവാനുള്ള മാർഗ്ഗം



പ്രക്ഷോഭങ്ങളും സംഘട്ടനങ്ങളും വിപ്ലവങ്ങളും ആധുനിക നാഗരികതയുടെ അവിഭാജ്യഘടകങ്ങളായി തീർന്നിരിക്കുന്നു. തിളച്ചു മറിയുന്ന അസ്വസ്ഥതയുടെ നടുവിൽ ജീവിക്കുന്ന ആധുനിക മനുഷ്യൻ സമാധാനത്തിനുവേണ്ടി ദാഹിക്കുകയാണ്. മനുഷ്യ മനസിനെ ആശ്വസിപ്പിക്കുന്നതിനുള്ള കലകൾ പോലും ഇന്ന് മനുഷ്യ മനസിനെ അസ്വസ്ഥതയിലേക്ക് നയിക്കുകയാണ്. ഇളകി മറിയുന്ന മനസിന് പ്രശാന്തത കൈവരിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ ജീവിതം നിരർത്ഥകം ആയിത്തീരും.

ജീവിതത്തിൽ നേരിടാറുള്ള ഏതു പ്രശ്നത്തെയും സധൈര്യം നേരിടണം എന്നും ഒഴിഞ്ഞുമാറൽ ഭീരുത്വം ആണെന്നും പറയുന്നത് ശരിതന്നെ. എന്നാൽ മറ്റൊരർത്ഥത്തിൽ മനുഷ്യ ജീവിതത്തിൽ ഒഴിഞ്ഞുമാറലുകൾ കൂടിയേ തീരു. പ്രക്ഷുബ്ധമായ മനസിനെ പ്രശാന്തമായ സാഹചര്യത്തിലേക്ക് എത്തിക്കുവാൻ ഒഴിഞ്ഞുമാറലുകൾ ആവശ്യമാണ്. കൂടുതൽ കാര്യശേഷിയും കർമ്മശേഷിയും കൈവരിക്കുവാൻ ഇത്തരം ഒഴിഞ്ഞുമാറലുകൾ ആവശ്യം തന്നെ. സംഗീതം കേൾക്കുന്നത് അസ്വസ്തമായ മനസിനെ പ്രശാന്തമാക്കുവാനുള്ള ഉപായങ്ങളിൽ ഒന്നാണെന്ന് മനഃശാസ്ത്രജ്ഞൻമാർ പറയുന്നു. ജീവിതത്തിന്റെ മാധുര്യം എന്നതിന്റെ പര്യായമായി സംഗീതമെന്ന പദം ഷേക്സ്പിയർ ഉപയോഗിച്ചിട്ടുണ്ട്.

ചിലർ ദൈനംദിന പരിപാടികളിൽ നിന്ന് ഒഴിഞ്ഞുമാറി സ്വസ്തത ലഭിക്കുവാൻ വിശ്രമ സങ്കേതങ്ങളിലേക്കു പോകുന്നു. ഇങ്ങനെയുള്ള വിശ്രമങ്ങളും ഒരളവിൽ സ്വസ്ഥത നൽകുന്നവ തന്നെയാണ്. മദ്യവും ലഹരിമരുന്നുകളും പുകയിലയും മറ്റുമാണ് സ്വസ്ഥതയ്ക്കുള്ള ഉപായങ്ങളായി മറ്റുചിലർ കാണുന്നത്. പക്ഷെ മുട്ടുശാന്തിക്കായി അവലംബിക്കുന്ന ഈ ഉപായങ്ങൾ അവരെ നശിപ്പിക്കും എന്നതാണ് സത്യം.

മതവും മതഗ്രന്ഥങ്ങളും പ്രാർത്ഥനയുമെല്ലാം വെറും പഴഞ്ചരക്കുകളായി ആധുനിക തലമുറ പുറംതള്ളിയിരിക്കുകയാണ്. എന്നാൽ ദൈവ സന്നിധിയിലേക്ക് മാറുകയല്ലാതെ സ്വസ്ഥത ലഭിക്കുവാൻ മറ്റൊരു മാർഗ്ഗവും ഇല്ല. നമ്മുടെ കലകളും സംഗീതവും സഞ്ചാരവും വിശ്രമവുമെല്ലാം ദൈവ സാമീപ്യം ലഭിക്കുവാനുള്ള ഉപാധികളായി തീരേണ്ടതാണ്.

ഈ ലോകത്തിൽ ആന്തരീക സമാധാനം അപ്രാപ്യമായ ഒരു പ്രതിഭാസമാണെന്ന് പറയുന്നവരുണ്ട്. എന്നാൽ നിരന്തരമായ സാധന കൊണ്ട് നേടിയെടുക്കാവുന്ന ഒന്നാണതെന്ന് ആർഷഭാരതത്തിലെ ജനങ്ങൾക്ക് വിശ്വസിക്കുവാൻ വിഷമം ഇല്ല. ആത്മീയ സ്വസ്ഥത ലഭിക്കുവാനുള്ള മാർഗ്ഗം ആരായാതെ ഇന്നത്തെ അസ്വസ്ഥതകൾക്ക് പരിഹാരം കണ്ടെത്തുവാൻ ശ്രമിക്കുന്നത് ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കുവാനുള്ള ഒരു പാഴ് യത്നം മാത്രമായിരിക്കും.

എല്ലാകുടുംബാംഗങ്ങൾക്കും എന്റെ സ്നേഹാശംസകൾ

**ഈപ്പൻ ചെറിയാൻ**
(മുൻ പ്രസിഡന്റ്)

*With Best Wishes*

**Stephen George**
**Parampil House, Piralassery**

*In loving memory of*



# K. George (90)

Kizhekke Pynummoottil

Expired on 05.03.24

*Inserted by:*

**Nency, Vincey, Vancey**



# ഒരു സ്തോത്രഗീതം

(യേശുവേപ്പോലെ ആകുവാൻ - എന്നരീതി)

1. രുചിക്കുവിൻ ദൈവം നല്ലവൻ
രചിക്കുവിൻ നവഗാനങ്ങൾ
രസിക്കുവിൻ ദൈവവചനത്തിൽ
വസിക്കുവിൻ ദൈവ സ്നേഹത്തിൽ

2. ഓർത്തു പുകഴ്ത്തുവാനില്ലയോ
ആർത്തു ഘോഷിക്കുവാനില്ലയോ
പാർത്തലെ മേവിടും നാളെല്ലാം
സ്തോത്രഗാനങ്ങൾ പാടീടുക നാം

3. അഗ്നി മേഘങ്ങളാൽ നയിച്ചതും
ദിനം തോറും മന്ന പൊഴിച്ചതും
പാറയിൽ നിന്നു നീർ തന്നതും
ഓർത്തു കർത്താവിനെ വാഴ്ത്തുക നാം

4. ചെങ്കടലിൽ വഴി തുറന്നതും
യേർദ്ദാന്റെ അക്കരെ കടന്നതും
യെരിഹോവിൻ കോട്ട തകർന്നതും
ഓർത്തു കർത്താവിനെ വാഴ്ത്തുക നാം

5. പാലും തേനും ഒഴുകുന്ന ദേശം
നൂലളവാൽ അളന്നേകിയതും
വൈരികൾമേൽ ജയം കല്പിച്ചതും
ഒർത്തോർത്തു കർത്തന്നു പാടുക നാം

**പി. കെ. ഗീവർഗീസ്**
ഇടയാറന്മുള

**ലേഖനം**



# വാർദ്ധക്യം

നമ്മുടെ ജീവിതത്തിന്റെ മൂന്ന് അവസ്ഥകളാണ് ബാല്യം, യൗവ്വനം, വാർദ്ധക്യം. ബാല്യം എല്ലാവരുടേയും സ്നേഹവാത്സല്യങ്ങൾ അനുഭവിച്ച് സന്തോഷത്തോടെ ജീവിക്കുന്നു.

യൗവ്വനം സ്വന്ത കാലിൽ നിൽക്കുവാൻ നാം പ്രാപ്തരാകുന്നു. എന്നാൽ വാർദ്ധക്യം ആകുമ്പോഴേക്കും നമ്മുടെ ബലവും ശക്തിയും തന്റേടവും നഷ്ടപ്പെടുന്നു. പരസഹായം ഇല്ലാതെ ജീവിക്കുവാൻ പ്രയാസപ്പെടുന്നു. ഈ അവസരത്തിലാണ് നമുക്ക് മക്കളുടെയും മറ്റുള്ളവരുടെയും സഹായം ആവശ്യമായി വരുന്നത്. അപ്പോഴേക്കും മക്കളെല്ലാം പല സ്ഥലങ്ങളിലായി ചേക്കേറുന്നു. ആർക്കും മാതാപിതാക്കളെ സംരക്ഷിക്കുവാൻ സമയവും സാഹചര്യവും ഇല്ലാതാകുന്നു. ഈ ഒരു അവസ്ഥ തരണം ചെയ്യുവാനാണ് ലോകമെങ്ങും വൃദ്ധസദനം കെട്ടിപ്പടുത്തിരിക്കുന്നത്. ഏതു സദനം സന്ദർശിച്ചാലും നിസ്സഹായരായി ഇരിക്കുന്ന മാതാപിതാക്കളെ കാണുവാൻ സാധിക്കുന്നു. ഈ അസ്വസ്ഥതയ്ക്കു കാരണം അവരാണോ? നമ്മളാണോ? ചിന്തിക്കുക...

നമ്മുടെ വൃദ്ധമാതാപിതാക്കൾ എവിടെയാണ്. അവർക്ക് കരുതൽ കൊടുക്കുവാനും സ്നേഹം കൊടുക്കുവാനും നമുക്കു കഴിയുന്നുണ്ടോ?

വാർദ്ധക്യം ഒരിക്കലും ഒരു ശാപമല്ല. മറിച്ച് അനുഗ്രഹം ആണ്.

ഒരു അപ്പച്ചനും അമ്മച്ചിയും ഉള്ളവീട് എത്ര അനുഗ്രഹമാണ് എന്ന് നാം ഓർക്കണം.

വേദപുസ്തകത്തിൽ എത്രയോ വൃദ്ധദമ്പതികളെക്കുറിച്ച് നാം വായിച്ചിരിക്കുന്നു. അബ്രഹാം, സാറാ, ഹന്ന, സെഖരിയാവ്, എലിസബേത്ത് ഇവരെയൊക്കെ ദൈവം അനുഗ്രഹിച്ചത് ഇവരുടെ നല്ല പ്രവൃത്തിയാൽ ആണ്.

നമ്മുടെ ഈ ചെറിയ ജീവിതം നന്മ ചെയ്തു ജീവിക്കുവാൻ ഇടയാകണമെന്ന് നമ്മുക്ക് പ്രാർത്ഥിക്കാം.

**ആനി മാമ്മൻ**
(ലേഡീസ് വിംഗ്)



***Praise the Lord***

***ദൈവനാമത്തിന് നന്ദിയോടെ സ്തോത്രം***

ദൈവം തന്ന ചില ആലോചനകൾ നിങ്ങളുമായി പങ്കുവയ്ക്കുവാനാണ് ഈ ലേഖനത്തിൽകൂടി ഞാൻ ഉദ്ദേശിക്കുന്നത്.

അതിന് ആധാരമായി വിശുദ്ധപൗലോസ് ശ്ലീഹാ റോമർക്കെഴുതിയ ലേഖനം 12-ാം അദ്ധ്യായത്തിലെ ഒന്നും രണ്ടും വാക്യങ്ങളാണ്.

ഇവിടെ ദൈവത്തിന്റെ മനസ്സലിവിനെ ഓർമ്മിപ്പിച്ചുകൊണ്ടാണ് എഴുതുന്നത്. ഇതുതന്നെ വിലാപങ്ങളിൽ യിരെമ്യാ പ്രവാചകനും നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. യിരെമ്യാ 3:22-23 നാം മുടിഞ്ഞുപോകാതിരിക്കുന്നത് യഹോവയുടെ ദയ ഒന്നുകൊണ്ടുമാത്രമാകുന്നു. അവന്റെ കരുണ തീർന്നുപോയിട്ടില്ലല്ലോ. അത് രാവിലെ തോറും പുതിയതും അവന്റെ വിശ്വസ്തത വലിയതും ആകുന്നു.

റോമാ ലേഖനത്തിലേക്ക് നമുക്ക് മടങ്ങിവരാം. 12:1 നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗമായി സമർപ്പിപ്പിൻ.

നമ്മൾ നമ്മുടെ ശരീരത്തിന്റെ സൗഖ്യത്തിനും ആരോഗ്യത്തിനുമായി ഏതറ്റംവരെയും പോകുന്നവരാണ്. എന്നാൽ അതിനെ ദൈവത്തിന്റെ ആലയമാണെന്ന് അറിഞ്ഞിട്ടും അതിനെ വിശുദ്ധിയിൽ കാത്തുസൂക്ഷിക്കാറുണ്ടോ. നമുക്ക് ദൈവം ഒരു ശരീരം ആരോഗ്യത്തോടെ തന്നത് അതിൽകൂടി ദൈവപ്രവൃത്തി വെളിപ്പെടുത്തുവാനാണ്. നമ്മുടെ ശരീരത്തെയും നമ്മളെയും പൂർണ്ണമായി സമർപ്പിച്ചു നോക്കുക. പിന്നെ ആ ശരീരത്തിന്റെയും നമ്മുടെയും പൂർണ്ണ ഉത്തരവാദിത്തം ദൈവത്തിന്റേതാണ്. നമ്മുടെ പൂർണ്ണ സമർപ്പണം ദൈവം ആഗ്രഹിക്കുന്നു.

12:2 ഈ ലോകത്തിനു അനുരൂപരാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണം.

ഈ തിരിച്ചറിവു എനിക്കും നിങ്ങൾക്കും ഉണ്ടായിട്ടുണ്ടോ? നമ്മുടെ ബുദ്ധിയിലും ശക്തിയിലും നാം അഭിമാനം കൊള്ളുന്നവരാണ്. എന്നാൽ ദൈവഹിതം തിരിച്ചറിയാൻ ഇതുവരെ സാധിച്ചിട്ടില്ല അതിനായി പ്രയത്നിച്ചിട്ടും ഇല്ല.

12:2 മൂന്നാമതായി നാം മനസു പുതുക്കി രൂപാന്തരം പ്രാപിക്കണം

നമ്മുടെ മനസ്സിന്റെ ഉത്തരവാദി നാം തന്നെയാണ്. ചഞ്ചലപ്പെടുന്ന ഒരു മനസ്സാണോ നമ്മുടേത്. സാത്താനാൽ വഞ്ചിക്കപ്പെട്ട ഒരു മനസ്സാണോ നമ്മുടേത്. എഫേസ്യ ലേഖനം 4:22-24ൽ പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു.

മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ച് നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ഠിക്കപ്പെട്ട പുതു മനുഷ്യനെ ധരിച്ചുകൊൾവിൻ. അതിനു തുടർച്ചയായി 25-ാം വാക്യം മുതൽ 32-ാം വാക്യം വരെ നാം പുതുക്കം പ്രാപിപ്പാൻ എന്തു ചെയ്യണം എന്നു വളരെ വിശദമായി വിവരിക്കുന്നുണ്ട്. അത് സൂഷ്മതയോടെ വായിക്കുക.

എന്നെ കേൾക്കുന്ന ദൈവജനമേ നമ്മുടെ ഇന്നത്തെ സ്ഥിതി എന്താണ്. നമുക്കു ദൈവം തന്നിരിക്കുന്ന സമയങ്ങൾ അതിക്രമിച്ചു കഴിഞ്ഞു. ഇനിയും നമ്മൾ ഇങ്ങനെ ഇരുന്നാൽ മതിയോ. ദൈവം തരുന്ന അവസരങ്ങൾ പാഴാക്കരുത്. ഇന്നുതന്നെ ഒരു തീരുമാനം എടുക്കുക.

ദൈവഹിതത്തിനായി നമ്മളെ തന്നെ ഏല്പിച്ചുകൊടുക്കാം. അങ്ങനെ ചെയ്യുമ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മളെ രൂപാന്തരപ്പെടുത്തും.

ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ,
നിങ്ങളുടെ എളിയ സഹോദരൻ

**നൈനാൻ വറുഗീസ്**
**പുത്തൻപുരയ്ക്കൽ പള്ളിതെക്കേതിൽ**



# മറവിയും ഒരു അനുഗ്രഹം തന്നെ

ഒന്നു ഞാൻ ചെയ്യുന്നു. പിന്നിലുള്ളത് മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുന്നിനായി ലാക്കിലേക്ക് ഓടുന്നു.

ഓർമ്മ ശക്തി ഒരു വലിയ അനുഗ്രഹമായി നാം കരുതുന്നു. ദിവസേനയുള്ള ജീവിതത്തിൽ ഓർമ്മ ഒരു അവിഭാജ്യഘടകമാണ്. വലിയ തെറ്റുകൂടാതെ സ്നേഹിതരുടെ പേരുകൾ, ഫോൺ നമ്പരുകൾ മുതലായവ കൃത്യമായി ഓർമ്മയിൽ അയവിറക്കുമ്പോൾ നാം ആശ്ചര്യപ്പെട്ടുപോകും.

മറവി, ജീവിത്തിൽ ഒരു പരാജയമായോ പോരായ്മയായോ എന്ന് നാം വിലയിരുത്താറുണ്ട്. അലസതയുടെയും ഉദാസീനതയുടെയും പിടിപ്പുകേടിന്റെയും പര്യായമായി മറവിയെപ്പറ്റി പറയാറുണ്ട്. ഓർമ്മിക്കുവാനുള്ള കഴിവ് ഒരു വലിയ അനുഗ്രഹമായിരിക്കുന്നതു പോലെ മറക്കാനുള്ള കഴിവ് ചിലപ്പോൾ അനുഗ്രഹം തന്നെയാണ്. ദൈവം നമുക്ക് നൽകിയ കഴിവുകളിൽ ഒന്നായി അതിന് കണക്കാക്കാം. മറക്കുവാനുള്ള കഴിവ് ദൈവം തന്ന ഒരു അനുഗ്രഹമായി കരുതാം. കഴിഞ്ഞതെല്ലാം ഓർത്തിരിക്കുകയാണെങ്കിൽ ജീവിതം എത്ര ദുഃഖപൂർണ്ണവും ദുരിതപൂർണ്ണവും ആയിരുന്നേനേം. നമ്മുടെ ഭദ്രതയ്ക്കും പുരോഗതിക്കും സ്വസ്ഥതയ്ക്കും പലതും നാം വിസ്മരിക്കേണ്ടതുണ്ട്. അതുകൊണ്ടാണ് മറക്കാനുള്ള കഴിവും ദൈവം നമുക്ക് നൽകിയത്. ജീവിതം സന്തോഷപ്രദവും സുഗമവും ആക്കിതീർക്കുവാൻ പലതും നാം മറക്കേണ്ടിയിരിക്കുന്നു. നമ്മുടെ മുമ്പിലുള്ള അവസരങ്ങൾ കർത്തവ്യ ബോധത്തോടും ധീരതയോടും ശുഭപ്രതീക്ഷയോടും കൂടി നോക്കീടുക. വ്യക്തി ജീവിതത്തിൽ സന്തോഷകരമല്ലാത്ത സംഭവങ്ങൾ, വികാരങ്ങളെ വ്രണപ്പെടുത്തുന്ന സംഭാഷണങ്ങൾ തുടങ്ങിയവ മറക്കാനും പൊറുക്കാനും കഴിയണം. ദുഃഖങ്ങളും

ദുരിതങ്ങളും അനുഭവിക്കേണ്ടിവരാം. പക്ഷെ അത് മനസ്സിൽ തങ്ങിനിൽക്കാൻ അനുവദിക്കരുത്. അവയെ സന്തോഷപ്രദമായ സംഭവങ്ങളായി ഓർക്കാൻ ശ്രമിക്കേണ്ടതാണ്. വ്യക്തിബന്ധങ്ങളിൽ ഉണ്ടാകുന്ന പാളിച്ചകൾ മനസ്സിലാക്കി പരസ്പരം നല്ല ധാരണയിൽ മുമ്പോട്ടുപോകുവാൻ ശ്രമിക്കുക.

**പ്രൊഫസർ ലീലാമ്മ ചെറിയാൻ**

*In Loving Memory of*



**M.E. Zachariah & Thankamma Zachariah**

| | |
|---|---|
| Expired on | Expired on |
| 20 - 03 - 1992 | 06 - 12 - 2018 |

**Thoppil Muthirakalayil House, Piralassery P.O.**

*Inserted by: -* **Zachariah John & Family**



# നവ തലമുറയും മാധ്യമങ്ങളും

നവമാധ്യമങ്ങളാണ് ഇന്നത്തെ തലമുറയുടെ ജീവിതശൈലി നിയന്ത്രിക്കുന്നത്. ചിന്തകൾ, വിശ്രമം, വായന, ഉറക്കം, ഭക്ഷണം എല്ലാറ്റിനെയും നിയന്ത്രിക്കുന്നത് ഇപ്പോൾ കൈവിരൽ നീളത്തിലുള്ള മാധ്യമങ്ങളാണ്. ആനുകാലിക സംഭവങ്ങൾ അറിയുന്നതിനും സമൂഹത്തിലെ തെറ്റുകൾ പുറത്തുകൊണ്ടുവരുന്നതിനും വിമർശന ശേഷി വളർത്തുന്നതിനും എക്കാലത്തെയും ശക്തിയുള്ള മാർഗ്ഗമായി ദിനപത്രങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും ഇന്നും അംഗീകരിക്കുന്നുണ്ട്. എന്നാൽ നവമാധ്യമങ്ങളായ ഇൻർനെറ്റിന്റെയും സെൽഫോണിന്റെയും കടന്നുകയറ്റത്തോടെ ലോകം ഒരു ആഗോളഗ്രാമമായി മാറി. നവ മാധ്യമങ്ങൾ പഠിക്കുന്നതിനും ആധുനിക വിവിരസാങ്കേതികത അനുദിനം ഉപയോഗിക്കുന്നതിനും അവ ഇന്നത്തെ തലമുറയ്ക്ക് അനിവാര്യമായിരിക്കുകയാണ്. എന്നാൽ ഒട്ടേറെ പ്രശ്നങ്ങൾ അതിനോടനുബന്ധിച്ച് അവരെ കാത്തിരിക്കുന്നു. ഡ്രൈവിംഗ് ലൈസൻസിന് പ്രായപരിധി എന്നപോലെ നവമാധ്യമ ഉപയോഗത്തിനും മിനിമം പ്രായപരിധി വേണം എന്ന നിർദ്ദേശം ഇന്ന് ഉയർന്നുവന്നിട്ടുണ്ട്. നിർഭാഗ്യവശാൽ സമൂഹത്തിൽ അസ്വാസ്ഥ്യം സൃഷ്ടിക്കുന്ന സന്ദേശങ്ങൾ അയയ്ക്കുന്ന സാമൂഹ്യവിരുദ്ധരും നവമാധ്യമ ലോകത്ത് ധാരാളം ഉണ്ട്. ഭയം, ക്രൂരത, ധനമോഹം, അശ്ലീലത തുടങ്ങിയവയുടെ വൈകാരിക ചൂഷണമാണ് ഇവിടെ നടക്കുന്നത്. സ്ക്രീൻ ഗെയിം കളിക്കുന്ന കുട്ടികൾ സ്ക്രീൻ അഡിക്ഷന് അടിമപ്പെടാറുണ്ട്. കളിയുടെ ആവേശവും ഉത്ക്കണ്ഠയും ചേർന്ന് സൃഷ്ടിക്കുന്ന അസുഖങ്ങളുടെ വ്യാപ്തി മണിക്കൂറുകളോളം നീണ്ടുനിൽക്കും. ഈ സമയം തലച്ചേറിൽ ഡോപ്പാമിൻ എന്ന രാസവസ്തു ഉൽപാദിപ്പിക്കപ്പെടുന്നു.

ഇന്ന് വായന, കളികൾ, പഠനകാര്യങ്ങൾ, സമൂഹവുമായുള്ള ഇടപെടലുകൾ, സൗഹൃദം, സ്വഭാവ രൂപീകരണം തുടങ്ങിയവയ്ക്ക് നവമാധ്യമ ഉപയോഗം തടസ്സമാകുന്നു. നവമാധ്യമങ്ങളുടെ ഉപയോഗത്തിന് അടിയറവ് പറയുകയല്ല വേണ്ടത്, പകരം ഉത്തരവാദിത്വത്തോടെ ഉപയോഗിക്കുന്നത് ശീലമാക്കുകയാണ് ശരിയായ മാധ്യമ ബോധനം എന്നു പറയുന്നത്.

നിഷ്ഠയുള്ള ജീവിതക്രമത്തിലേക്ക് നയിക്കുവാൻ സമയ ക്രമീകരണങ്ങൾ ഉണ്ടാക്കുക. മുഴുവൻ സമയവും സെൽഫോണിൽ ചെലവഴിക്കാതെ സമപ്രായക്കാരോട് ഇടപഴകാനും പുറംവാതിൽ കളികളിൽ ഏർപ്പെടുവാനുമുള്ള താല്പര്യം ഉണ്ടാക്കുക. സവിശേഷമായ കഴിവുകൾ കണ്ടെത്തി അത് പരിപോഷിപ്പിക്കുക. കുട്ടികൾക്കായുള്ള മൂല്യാധിഷ്ഠിത പരിപാടികൾ തയ്യാറാക്കുന്നതിന് സമൂഹം തയ്യാറാവുക. കുട്ടികളിലെ സവിശേഷമായ കഴിവുകൾ കണ്ടെത്തി അവ പരിപോഷിപ്പിക്കുക.

ധാർമ്മിക മൂല്യങ്ങൾ ശോഷിക്കുന്ന ഈ കാലത്ത് കേവലം കണ്ണുംപൂട്ടിവരയ്ക്കുന്ന  നിയന്ത്രണ രേഖകൾ വിപരീത ഫലം ഉണ്ടാക്കാം. ഇതിന് ആദ്യമായി കുടുംബബന്ധങ്ങൾ ദൃഢപ്പെടുത്തുക. രണ്ടാമതായി വിദ്യാലയ സാഹചര്യങ്ങളും പാഠ്യപദ്ധതികളും ഭാവിതലമുറയുടെ നന്മയെ ലാക്കാക്കി തയ്യാറാക്കുക. ലാഭം മാത്രം ഇച്ഛിക്കുന്ന വിദ്യാഭ്യാസ നയങ്ങൾ ഭാവി തലമുറയെ അപകടപ്പെടുത്തുകയാവും ചെയ്യുന്നത്.

**ഷേർലി ചെറിയാൻ**
**പൈനുംമൂട്ടിൽ ഷെറിൻസ്**



# നീതിയുടെ നാൾവഴികൾ

ബി.സി. ആറാം ശതകത്തിൽ ബാബേൽ രാജാവായ നെബുകദ് നേസർ രണ്ടാമന്റെ കാലത്ത് ജീവിച്ചിരുന്ന ജ്ഞാനിയും, നീതിമാനും പണ്ഡിതനും ആയിരുന്നു പ്രവാചകനായ് അറിയപ്പെടുന്ന ദാനിയേൽ.

അപ്പോക്രിഫ വേദപുസ്തകത്തിൽ കാണപ്പെടുന്നതും നാം ഉപയോഗിക്കുന്ന വേദപുസ്തകത്തിൽ ഇല്ലാത്തതുമായ ഒരു കഥ പറയാം. ഇപ്പോൾ ഉപയോഗിക്കുന്ന ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ പന്ത്രണ്ട് അധ്യായങ്ങൾ മാത്രമാണുള്ളത്. പതിമൂന്ന്, പതിനാല് അധ്യായങ്ങൾ നീക്കം ചെയ്തിരിക്കുന്നു. പതിമൂന്നാം അധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സൂസന്നയുടെ കഥയാണ് ഇവിടെ പ്രതിപാദിക്കുന്നത്.

ബാബിലോണിൽ യോയാക്കീം എന്നു പേരുള്ള ഒരു ധനികനും സൽസ്വഭാവിയുമായ മനുഷ്യനുണ്ടായിരുന്നു. അയാളുടെ ഭാര്യ ആയിരുന്ന സൂസന്ന അതീവ സുന്ദരി ആയിരുന്നു. അക്കാലത്ത് ദുസ്വഭാവികളും അഴിമതിക്കാരുമായ രണ്ട് ന്യായാധിപന്മാർ ബാബിലോണിൽ ഉണ്ടായിരുന്നു. അവർക്ക് സൂസന്നയിൽ മോഹമുദിച്ചു. ഒരിക്കൽ സ്വന്തം തോട്ടത്തിൽ കൂടി നടക്കുകയായിരുന്ന സൂസന്നയെ കാണാനിടയായ അവർ തങ്ങളുടെ മോഹം അവരെ അറിയിച്ചു. എന്നാൽ സൂസന്ന അവർക്ക് വഴങ്ങുന്നവളായിരുന്നില്ല. അവർ വ്യഭിചാരകുറ്റം ആരോപിച്ചു കല്ലെറിഞ്ഞു കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി. തെറ്റുചെയ്യുന്നതിലും ഭേദം മരണമാണെന്ന് സൂസന്നക്ക് തോന്നി.

ന്യായാധിപന്മാർ ബഹളമുണ്ടാക്കി ആളെക്കൂട്ടി ജനത്തോട് സൂസന്ന വ്യഭിചാരം ചെയ്യുന്നത് കണ്ടുവെന്നും അതിനർഹമായ

# JEFF AUTO LAB

## POLLUTION CENTRE

**Christian College Jun., Chengannur**

**Mob: 8547557497, 6282616306**




**വാഹന ഇൻഷുറൻസ് എടുത്തു കൊടുക്കപ്പെടുന്നതാണ്**



ശിക്ഷയായി കല്ലെറിഞ്ഞുകൊല്ലണമെന്നും പറഞ്ഞു. വിചാരണ പരസ്യപ്പെടുത്തി ജനങ്ങളുടെ മധ്യത്തിൽ അവളെ വിസ്തരിച്ചു ശിക്ഷ വിധിച്ചു. സൂസന്നയെ കൊല്ലുവാൻ കൊണ്ടുപോകുമ്പോൾ ദാനിയേൽ പ്രവാചകൻ അവിടെ എത്തിച്ചേർന്നു. ന്യായാധിപന്മാർ പറഞ്ഞത് കളവാണെന്ന് അദ്ദേഹത്തിന് തോന്നി. സൂസന്ന നിരപരാധി ആണെന്ന് അദ്ദേഹം ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. സാക്ഷികളെ വീണ്ടും വിസ്തരിക്കുവാൻ തീരുമാനമാകുകയും അവരുടെ മൊഴി പരിശോധിക്കുവാനും ഉത്തരവായി.

ഒരുവനെ വിസ്തരിക്കുമ്പോൾ രണ്ടാമൻ വിസ്താരം കേട്ടുകൂടാ എന്ന് ദാനിയേൽ പ്രവാചകൻ പറഞ്ഞു. ഒരുവിധത്തിലും വിശ്വസിക്കാനാവാത്ത വിധം അവരുടെ മൊഴികൾ വ്യത്യസ്തമായിരുന്നു. എല്ലാവർക്കും സത്യം ബോധ്യമായി. കള്ളസാക്ഷി പറയുന്നതിന് അന്ന് വിധിച്ചിരുന്നത് വധശിക്ഷയാകയാൽ ജനം അവരെ രണ്ടുപേരെയും കല്ലെറിഞ്ഞു കൊന്നു.

ദാനിയേൽ പ്രവാചകൻ ആദ്യമായി ആവിഷ്കരിച്ച ഈ വിസ്താരത്തിന്റെ നടപടിക്രമത്തിന് ഏകദേശം 2500ൽ പരം വർഷങ്ങളുടെ പഴക്കം ഉണ്ട്. അത് അന്നു മുതൽ ലോകമെമ്പാടും എല്ലാ കേസുകളിലും തെറ്റാതെ അനുവർത്തിക്കുന്നു.

നീതിക്കുവേണ്ടി ശബ്ദം ഉയർത്തുന്ന ഭരണാധിപന്മാരും അതിന് അനുസരണമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ന്യായപാലകരുമാണ് ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യം. അങ്ങനെയുള്ള ഒരു നീതിന്യായ വ്യവസ്ഥിതിക്കായി നാമും ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

**ഷൈനി കോശി**
**കോട്ടപ്പാട്ട്**

പാവനസ്മരണയ്ക്ക്



**Annamma Gheevarghese & N. J. Gheevarghese**

**Nallumalayil, Arattupuzha**

*Inserted by:* **Grandson Jacob G. Kochitty & Family**

*In loving memory of*



**Omana Kochitty & N. G. Kochitty**

**Nallumalayil, Koipram**

*Inserted by:* **Jacob G. Kochitty & Family**



1. യഹോവയല്ലാതെ ദൈവം ആരുള്ളു
എന്റെ ദൈവം ഒഴികെ പാറയാരുള്ളു
എന്റെ അരയെ ശക്തികൊണ്ടു മുറുക്കുമവൻ
എന്റെ വഴിയിൻ കുറവു തീർക്കുമവൻ (2)
യഹോവ.....

2. എന്റെ കാൽ വഴുതുവാൻ അവൻ സമ്മതിക്കില്ല
എന്നെ കാക്കുന്നവൻ മയങ്ങുകില്ല
അവനെന്റെ ദീപത്തെ കത്തിക്കുന്നു.
എന്റെ അന്ധകാരം പ്രകാശമാക്കുന്നു (2)
യഹോവ.....

3. ഞാൻ നിനക്കു പുതിയോരു പാട്ടുപാടും
പത്തുകമ്പിയുള്ള വീണകൊണ്ടു കീർത്തനം ചെയ്യും
നാൾതോറും ഞാൻ നിന്നേ വാഴ്ത്തും
ഞാൻ നിന്റെ മഹിമയേ എന്നും വർണ്ണിക്കും (2)
യഹോവ.........

**കൊച്ചുമോൾ മാമൂട്ടിൽ**

# കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം
## 2023 ഏപ്രിൽ 01 മുതൽ 2024 മാർച്ച് 31 വരെയുള്ള വരവ് ചിലവ് കണക്കുകൾ

| വരവിനങ്ങൾ | ബഡ്ജറ്റ് | വരവ് | ചിലവിനങ്ങൾ | ബഡ്ജറ്റ് | ചിലവ് |
|---|---|---|---|---|---|
| 1 മുൻ നീക്കിയിരിപ്പ് | | | 1 പ്രിന്റിംഗ് ചാർജ് | 70000.00 | 16400.00 |
| a) പണമായി | 10519.00 | 10519.00 | 2 പൊന്നാട | 5000.00 | 3270.00 |
| b) സേവിംഗ്സ് ബാങ്ക് | 100000.00 | 95187.94 | 3 സമ്മാനം/ പ്രസന്റേഷൻ | 7000.00 | 3744.00 |
| c) സ്ഥിര നിക്ഷേപം | 678368.00 | 678368.00 | 4 സ്കോളർഷിപ്പ് | 5000.00 | 2000.00 |
| 2 തന്നാണ്ട് വരവുകൾ | | | 5 സൗണ്ട് സിസ്റ്റം & ഫോട്ടോസ് | 10000.00 | 3450.00 |
| 1 സംഭാവന/ രജി. | 20000.00 | 19650.00 | 6 വിദ്യാഭ്യാസ സഹായം | 5000.00 | – |
| 2 സ്കോളർഷിപ്പ് | 3000.00 | 100.00 | 7 ചികിത്സാ സഹായം/ ചാരിറ്റി | 50000.00 | 15000.00 |
| 3 ജനറൽ ഫണ്ട് | 50000.00 | – | 8 പോസ്റ്റേജ് | 2000.00 | 635.00 |
| 4 ആയുഷ്കാല | | | 9 യാത്രാചിലവ്/പാരിതോഷികം | 15000.00 | 10300.00 |
| മെമ്പർഷിപ് | 1000.00 | – | 10 സ്റ്റേഷനറി | 1000.00 | 255.00 |
| 5 സബ്സ്ക്രിപ്ഷൻ | 25000.00 | 4150.00 | 11 wreath | 10000.00 | 8800.00 |
| 6 ഡയറക്ടറി സെയിൽ | 1000.00 | 40.00 | 12 ബൊക്ക & ഫ്ളവർ | 3000.00 | 1150.00 |
| 7 വിദ്യാഭ്യാസ സഹായം | 5000.00 | – | 13 ഓണാഘോഷം | 30000.00 | 25500.00 |
| 8 ചികിത്സാ സഹായം/ ചാരിറ്റി | 30000.00 | 5550.00 | 14 ക്രിസ്തുമസ് ആഘോഷം | 7000.00 | 4426.00 |
| 9 ഓണാഘോഷം | 10000.00 | 14450.00 | 15 വെബ്സൈറ്റ് | 5000.00 | 3000.00 |
| 10 ക്രിസ്തുമസ് ആഘോഷം | 10000.00 | – | 16 മൊമന്റോ/ വിവാഹസമ്മാനം | 7000.00 | 3050.00 |
| 11 പരസ്യം: ബുള്ളറ്റിൻ | 25000.00 | 450.00 | 17 General Exp. / ഇതര ചിലവുകൾ | 7000.00 | 3488.00 |
| കലണ്ടർ | 25000.00 | 2000.00 | 18 KudumbaCharithram Reprinting | – | 158800.00 |
| 12 വെബ്സൈറ്റ് | 5000.00 | – | 19 നീക്കിയിരിപ്പ് | | |
| 13 പലിശ | 40000.00 | 44561.00 | a) പണമായി | – | 32891.00 |
| 14 Annual Report- Advt. | 15000.00 | 13000.00 | b) സ്ഥിര നിക്ഷേപം | – | 666707.00 |
| 15 Cash Revd. Wreath Sponsor | – | 7300.00 | 1 ജനറൽ ഫണ്ട് | 300000.00 | |
| 16 KudumbaCharithram Reprinting | – | 407100.00 | 2 മെഡിക്കൽ ഫണ്ട് | 300000.00 | |
| | | | 3 വിദ്യാഭ്യാസ ഫണ്ട് | 150000.00 | |
| | | | 4 സേവിംഗ്സ് ബാങ്ക് | 64887.00 | 339559.94 |
| **ആകെ** | **1053887.00** | **1302425.94** | **ആകെ** | **1053887.00** | **1302425.94** |

# കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം
## 2024 – 2025 ലെ ബഡ്ജറ്റ്

| വരവിനങ്ങൾ | തുക |
|---|---|
| 1 മുൻ നീക്കിയിരിപ്പ് | |
| a) പണമായി | 32891.00 |
| b) സേവിംഗ്സ് ബാങ്ക് | 100000.00 |
| c) സ്ഥിര നിക്ഷേപം | 666707.00 |
| 2 തന്നാണ്ട് വരവിനങ്ങൾ | |
| 1 സംഭാവന/ രജി. | 25000.00 |
| 2 സ്കോളർഷിപ്പ് | 3000.00 |
| 3 ജനറൽ ഫണ്ട് | 50000.00 |
| 4 ആയുഷ്കാല മെമ്പർഷിപ് | 1000.00 |
| 5 സബ്സ്ക്രിപ്ഷൻ | 25000.00 |
| 6 ഡയറക്ടറി സെയിൽ | 1000.00 |
| 7 വിദ്യാഭ്യാസ സഹായം | 5000.00 |
| 8 ചികിത്സാ സഹായം | 30000.00 |
| 9 ഓണാഘോഷം | 20000.00 |
| 10 ക്രിസ്തുമസ് ആഘോഷം | 10000.00 |
| 11 പരസ്യം: ബുള്ളറ്റിൻ | 25000.00 |
| കലണ്ടർ | 25000.00 |
| 12 വെബ്സൈറ്റ് | 5000.00 |
| 13 പലിശ | 40000.00 |
| 14 Advertisements | 15000.00 |
| 15 KudumbaCharithram Reprinting | 200000.00 |
| **ആകെ** | **1279598.00** |

| ചിലവിനങ്ങൾ | തുക |
|---|---|
| 1 പ്രിന്റിംഗ് ചാർജ് | 25000.00 |
| 2 പൊന്നാട | 5000.00 |
| 3 സമ്മാനം/ പ്രസന്റേഷൻ | 10000.00 |
| 4 സ്കോളർഷിപ്പ് | 5000.00 |
| 5 സൗണ്ട് സിസ്റ്റം & ഫോട്ടോസ് | 10000.00 |
| 6 വിദ്യാഭ്യാസ സഹായം | 5000.00 |
| 7 ചികിത്സാ സഹായം | 25000.00 |
| 8 പോസ്റ്റേജ് | 2000.00 |
| 9 സ്റ്റേഷനറി | 1000.00 |
| 10 യാത്രാചിലവ്/പാരിതോഷികം | 20000.00 |
| 11 wreath | 10000.00 |
| 12 ബൊക്ക & ഫ്ളവർ | 3000.00 |
| 13 ഓണാഘോഷം | 30000.00 |
| 14 ക്രിസ്തുമസ് ആഘോഷം | 10000.00 |
| 15 മൊമന്റോ/ വിവാഹസമ്മാനം | 10000.00 |
| 16 ഇതര ചിലവുകൾ/General Exp. | 10000.00 |
| 17 വെബ്സൈറ്റ് | 5000.00 |
| 18 നീക്കിയിരിപ്പ് | |
| a) പണമായി | |
| b) സ്ഥിര നിക്ഷേപം | |
| 1 ജനറൽ ഫണ്ട് | 300000.00 |
| 2 മെഡിക്കൽ ഫണ്ട് | 300000.00 |
| 3 വിദ്യാഭ്യാസ ഫണ്ട് | 150000.00 |
| 4 സേവിംഗ്സ് ബാങ്ക് | 43598.00 |
| 19 KudumbaCharithram Reprinting | 300000.00 |
| **ആകെ** | **1279598.00** |

## സ്ഥിര നിക്ഷേപങ്ങൾ

| No. | Items | Federal Bank | Indian Bank | Karur V. Bank | Total |
|---|---|---|---|---|---|
| 1 | General / Welfare Fund | 72516.00 | 145000.00 | 68500.00 | 286016.00 |
| 2 | Medical Fund | 155000.00 | 125691.00 | - | 280691.00 |
| 3 | Educational Fund | 100000.00 | - | - | 100000.00 |
| | **Total** | **327516.00** | **270691.00** | **68500.00** | **666707.00** |

## പ്രസിദ്ധീകരണങ്ങളുടെ സ്റ്റോക്ക് വിവരം

| No. | Items | 31.03.23 Qty. | Sales | Stock on 31.03.24 | Rate per Unit | Total Amount |
|---|---|---|---|---|---|---|
| 1 | Directory | 19 | 4 | 15 | 10 | 150 |
| 2 | Virgin Mary | 23 | 9 | 14 | 200 | 2800 |

Accounts Audited & Found Correct



Auditor : **Abhilash Cherian**
*(Sd/-)*

**John Eapen, Karippacheril**
*(Treasurer)*

# അനുബന്ധം

| മെമ്മോറിയൽ / എൻഡോവ്മെന്റ് ഫണ്ട് | | |
|---|---|---|
| 1 | കരിപ്പാച്ചേരിൽ ശ്രീ. കെ. എൻ. ചാക്കോ മെമ്മോറിയൽ | 1000.00 |
| 2 | കല്ലുങ്കൽ ശ്രീ. തങ്കച്ചൻ മെമ്മോറിയൽ | 1000.00 |
| 3 | താഴത്തേടത്ത് ശ്രീ. റ്റി. എൻ. ജോർജ്ജ് മെമ്മോറിയൽ | 5000.00 |
| 4 | താഴത്തേടത്ത് ചെറുതാല ശ്രീ & ശ്രീമതി എം. കെ. മാത്യു മെമ്മോറിയൽ | 25000.00 |
| 5 | ആറാട്ടുപുഴ താഴത്തേടത്ത് മിസ്സിസ്സ് & ഡോ. റ്റി. ഐ. ഈപ്പൻ മെമ്മോറിയൽ | 2000.00 |
| 6 | കോന്നി മാമ്മൂട്ടിൽ ശ്രീ. കെ. ജി. ജോൺ മെമ്മോറിയൽ | 10000.00 |
| 7 | ശ്രീ. മാമ്മൻ ഉമ്മൻ (മോനി) പുത്തൻപുരയ്ക്കൽ, പുത്തൻകാവ് | 10000.00 |
| 8 | ആറാട്ടുപുഴ നല്ലൂർ പുത്തൻപീടികയിൽ ശ്രീ. എൻ. ഐ. ചെറിയാൻ | 25000.00 |
| 9 | ആറാട്ടുപുഴ നല്ലൂർ പുത്തൻപീടികയിൽ<br>ശ്രീ. എൻ. ഐ. ചെറിയാൻ അലക്സ് (ജൂണിയർ) | 25000.00 |
| 10 | കോന്നി ഊട്ടുപാറ മാമ്മൂട്ടിൽ എസ്റ്റേറ്റിൽ ശ്രീ. കെ. ജോർജ്ജ് ജോസഫ് &<br>ശ്രീമതി അമ്മിണി ജോസഫ് | 20000.00 |
| 11 | മലയിൽ ശ്രീ. എം. ഇ. ജോർജ്ജ് (കടവന്ത്ര, കൊച്ചി) | 25000.00 |
| 12 | അങ്ങാടിക്കൽ എഴിക്കകത്ത് ശ്രീ. ഏബ്രഹാം മാത്യു | 1000.00 |
| 13 | വെരി. റവ. പി. എസ്. സാമുവൽ കോർ എപ്പിസ്കോപ്പാ | 5000.00 |
| 14 | കോഴിക്കോട് പി. ഒ. മാർക്കോസ്, പുത്തൻപുരയ്ക്കൽ | 25000.00 |
| 15 | ആറാട്ടുപുഴ, അമ്മിണി ജോർജ്ജ്, താഴത്തേടത്ത് | 100000.00 |
| | **ആകെ** | **280000.00** |

## കുടുംബയോഗം രക്ഷാധികാരികൾ
## 2022 – 2024 വർഷങ്ങളിലെ ഭരണസമിതി അംഗങ്ങൾ
## കോ–ഓപ്റ്റ് ചെയ്യപ്പെട്ടവർ ഉൾപ്പെടെ

Chief Patron : **Very. Rev. Mathew Thomas Cor-Episcopa**
Puthenpurackal House, Puthencavu P.O.,
Chengannur-689 123,
Ph: 0479-2453631, 9446385631

Patrons : (1) **Rev. Fr. P.K. Koshy**,
Parampil Padinjattinkara, Rose House,
Manthuka P.O., 689 519,
Ph: 04734-260415, 9447654008

(2) **Rev. Fr. Dr. Mathew Koshy**,
Kizhakkethalackal House
Piralassery P.O., Chengannur - 689 122,
Ph: 0479-2456955

(3) **Rev. Fr. Thomas Joseph**,
Pynummoottil House, Piralassery P.O.
Chengannur- 689 122,
Ph: 0479-2455748, 9946315530

(4) **Rev. Fr. Samuel T. George**, Thazhathedathu House,
Mount Horeb Asram, Muthupilakkadu P.O.,
Sasthamkotta-690 520, Ph: 9526763518

(5) **Rev. Fr. Geevarghese George**,
Ayanthikkarottu Puthenpurackal, Piralassery P.O.,
Chengannur-689122, Ph:04792457694, 9496466114

## Ex. OFFICIO MEMBERS

1 **Mr. K.C. Chacko** (Advisor) Kolanjikombil,
Arattupuzha P.O., Chengannur-689 123
Ph: 0468-231 7423,9847247070

2 **Mr. P. K. Geevrghese**, Anikattumalayil Veettil,
Edayaranmula West P. O. 689 532
Ph: 9446422937

3. **Mr. Eapen K. Ninan**, Malayil Bethel,
Poomala P.O., Pennukara, Chengannur- 689 520
Ph: 047-2468944, 9947074100

4 **Mr. Eapen Cherian**, Nalloor Puthenveedu,
Arattupuzha P.O., Chengannur-689 123
Ph: 0468-2317157, 9495966440

### COMMITTEE MEMBERS

1. **Mr. Daya Jacob**, Mammootil Maret
2. **Mr. Georgy K. Eapen**, Puthael Mill House
3. **Mr. M.C. Thomas**, Madathilethu
4. **Mr. K. John**, Karippacheril
5. **Mr. Ninan John**, lykarethu House
6. **Mr. K.O. Thomas**, Kizhakkekalayil
7. **Mr. Jacob G. Kochitty**, Nallumalayil House
8. **Mr. Eapen George**, Alintaethekkethil
9. **Prof. P.M. Thomas**, Puthenpurackal Peedikavil
10. **Mr. Stephen George**, Parambil House
11. **Mr Ninan Varghese**, Puthenpurackal Pallitekkethl

12. **Mr. Cherian Thomas**, Kizhakkeputhenpurackal
13. **Mr. P.S. Mathew**, Puthenpurackal
14. **Mr. Koshy K. Oommen**, Kottappattu House
15. **Mr. Cherian P. Oommen**, Pynummoottil Sherins
16. **Mr. Thomas Ninan**, Pynummoottil House
17. **Mr. Geevarghese Joseph**, Pynummoottil House
18. **Mr. Moni Cherian**, Pynummootil House
19. **Oommen Kochaiype**, Pynummoottil House
20. **Mrs. Sherly Cherian**, Pynummoottil Sherins
21. **Mr. Baby Rajan**, Malayil Cottage
22. **Mr. Prasad Mammen**, Malayil
23. **Mrs.Annie Mammen**, Malayil Valiyaveedu
24. **Dr. Cherian M. Koshy**, Malayil
25. **Mrs. Valsala Joseph**, Ezhikakathu Bunglow
26. **Mr. George Oommen**, Ezhikakathu
27. **Mr. George Thomas**, Ezhikakathu Bunglow
28. **Adv. T. E. Eapen**, Thazhathedathu
29. **Mr. Varghese Abraham**, lykara Thypparambil
30. **Mrs. Leela George**, Thazhathedathu Manimala
31. **Mr. George Jacob K.**, Kochalumpalackal

## Co -Opted Members

1. **Dr. Sara John**, Karippacheril
2. **Mrs.Annamma Jacob**, Mammoottil Maret
3. **Prof. Leelamma Cherian**, Nalloor Puthenveedu

4. **Mrs. Rosamma Mathew**, Puthenpurackal House
5. **Mrs. Jessy Thomas**, Madathilethu
6. **Mrs. Mariamma Thomas**, Puthenpurackal Peedikayil
7. **Mr. M.T. Jacob (Thankachan)**, Madathilethu
8. **Mrs. Mini Jacob**, Madathilethu
9. **Mr. Biju Kochunnonny**, Puthuvelil Puthenveedu

## AUDITORS

1. **Mr. Thomas Cherian (Late)**, Nalloormalayil Baby Bhavan
2. **Mr. Abilash Cherian**, Nandalathu Puthenpurackal

## EDITORIAL BOARD

1. **Mr. Cherian P. Oommen**
2. **Mr. Eapen George**
3. **Mr. Jacob G. Kochitty**

## കുടുംബചരിത്ര പുനഃപ്രസിദ്ധീകരണ കമ്മറ്റി ഭാരവാഹികൾ

| | | |
|---|---|---|
| Gen. Convenor | : | **Rev. Fr. Samuel T. George**<br>Ph: 95267663518 |
| Joint Convenor | : | **Sri. John Eapen**<br>Ph: 8281460989 |
| Convenors | | |
| **Sri. Daya Jacob** | - | Ph: 9947549305 |
| **Sri. Stephen George** | - | Ph: 9447107223 |
| **Sri. Cherian P. Oommen** | - | Ph: 9847347963 |
| **Sri. Prasad Mammen** | - | Ph: 9947793642 |
| **Smt. Valsala Joseph** | - | Ph: 9562686638 |
| **Smt. Sarala Stephen** | - | Ph: 9495757124 |

# വാർഷിക സമ്മേളനം








# വാർഷിക സമ്മേളനം







# വാർഷിക സമ്മേളനം








# ഓണാഘോഷം









# ക്രിസ്തുമസ് ആഘോഷം





















ഓണസദ്യ 2023

## റിപ്പോർട്ടുവർഷത്തിലെ ഭാരവാഹികൾ

| | | |
|---|---|---|
| President | : | Very.Rev. Mathew Thomas Cor Episcopa<br>Puthenpurackal, Puthencavu P.O.,<br>Chengannur 689 123 |
| Vice President | : | Mrs. Sarala Stephen<br>Thazhathedathu Manimala, Arattupuzha,<br>Chengannur 689 123 |
| Secretary | : | Mr. Zachariah John<br>Thoppil Muthirakalayil<br>Piralassery P.O., Chengannur 689 122 |
| Joint Secretary | : | Jacob G. Kochitty<br>Nallumalayil, Koipram |
| Treasurer | : | Mr. John Eapen<br>Karippacheril, Puthencavu Post<br>Chengannur 689 123 |
| Advisor | : | Mr. K.C. Chacko<br>Kolanjikombil, Arattupuzha<br>Chengannur 689 123 |

## വലിയവീട്ടിൽ കുടുംബയോഗം ശാഖകൾ

1. ഞാലുംമൂട്ടിൽ
2. പുത്തൻപുരയ്ക്കൽ
3. പൈനുംമൂട്ടിൽ
4. മലയിൽ
5. എഴിയ്ക്കകത്ത്
6. കല്ലുങ്കൽ

## കാളിയാങ്കൽ ഗ്ലോബൽ കുടുംബയോഗം

| | | |
|---|---|---|
| രക്ഷാധികാരി | : | **ജസ്റ്റിസ് ജെ. ബി. കോശി**<br>*(വൈ.എം.സി.എ. മുൻ ദേശീയ അദ്ധ്യക്ഷൻ)* |
| പ്രസിഡന്റ് | : | **റവ. ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ OIC**<br>*(കല്ലൂപ്പാറ)* |
| ജനറൽ സെക്രട്ടറി | : | **ശ്രീ. ജോയി തോമസ് പ്ലാത്തോട്ടം**<br>*പ്രവിത്താനം, പാലാ* |

Graphic Systems & Co., Mallappally, 8606212534

# Ladies Wing Members 2022 - 2024



النخيل
للاستشارات الهندسيه
استشاري، تصميم و اشراف هندسي

AL NAKHEEL DESIGN CONSULTANT SUPERVISION

# AL NAKHEEL ENGINEERING CONSULTANTS

## About us...

Al Nakheel Engineering is a well established multi disciplinary consultants firm based in UAE with the resources of an experienced and talented pool of architects, engineers & other supporting staff and have completed many prestigious projects.

Al Nakheel Engineering Consultants established firm Since 1995 and has grown over the years into a closely knit, efficiently managed team of professionals with a common vision. Our track record has range of successfully completed project which includes hospitality, leisure, commercial, residential, industrial and retail sector. We have in house capabilities of handling all aspects of a design, supervision and project management. We have a reputation of fast tracking projects benefiting the client with faster turn over periods from conception to realization.

## Architecture

Al Nakheel Engineering approachs is holistic. We provide a full consultancy service in order to achieve integrated design solutions for our clients.

These include:

- Architectural Design
- Structural Design
- MEP Engineering Services Design

## Achievements...




## Inspirational...

Al Nakheel senior team have worked together for the past 25 years. They have formed a strong and efficient Design Team, supported by additional focused staff.

This team has applied its skills to all kind of projects, including Masterplanning, Design, Documentation and Administration of many projects.

دائرة البلدية و التخطيط - عجمان
Municipality & Planning Dept – Ajman

*Working with all these departments...*

اتصالات etisalat | FEWA | حكومة أم القيوين GOVERNMENT OF UMM ALQUWAIN | United Arab Emirates Ministry of Interior General Headquarters of Civil Defence | عجمان للصرف الصحي AJMAN SEWERAGE

*"Give Your Dreams a Shape of Reality"*

AL NAKHEEL ... YOU DREAM IT WE BUILD IT

النخيل
للاستشارات الهندسيه
استشاري، تصميم و اشراف هندسي

AL NAKHEEL DESIGN CONSULTANT SUPERVISION

# AL NAKHEEL ENGINEERING CONSULTANTS

## OUR VISION

Al Nakheel's Mission to Promote Excellence in the Construction Enviroment and to Advocate for Responsible Architecture.

## CONTACT US

HEAD OFFICE AJMAN

عجمان

+971-6-7457929
+971-50-5887336
nakhelaj@eim.ae
P.O BOX 2476, AJMAN
OPP. MASJID FURQAN, AL RUMAILA 1
AJMAN U.A.E

UAQ BRACH

أم القيوين

+971-6-7457979
+971-56-5099170
+971-56-5256036
nakheluaq@gmail.com
OFFICE # 408, AL DOUR TOWER,
NEAR UAQ BANK
UMM AL QUWAIN



AJMAN | UMM-AL-QUWAIN

25 سنة خبرة نضعها بين أيديكم لبناء مشروع احلامكم ★★★★





*Architects | Engineers | Planners*